N E R V E E D H I

Volume -13, Issue - 02, 10th February 2024, Monthly, Price ₹ 25, Published at Kottayam

വാല്യം-13, ലക്കം-02, ഫെബ്രുവരി 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



Editorial

# നാളുകൾ തക്കത്തിലുപയോഗിക്കുക

ഒരുവൻ ദൈവവചനമാകുന്ന സുവിശേഷത്താൽ വീണ്ടുംജനിച്ച് അഥവാ മാനസാന്തരപ്പെട്ട് യേശുവിന്റെ കർതൃത്വത്തിനു വിധേയപ്പെടുമ്പോൾ യേശു അവന്റെ പാപങ്ങൾ ക്ഷമിക്കുകയും ദൈവപൈതലായി സ്വീകരിക്കുകയും ചെയ്യുന്നു. ഇവിടെയാണു വിശ്വാസജീവിതത്തിന്റെ തുടക്കം. മുൻകാല പാപങ്ങൾ ക്ഷമിക്കപ്പെട്ടു എങ്കിലും നമ്മിൽ പാപസ്വഭാവവും, ലോകത്തിൽ പാപത്തിന്റെ സ്വാധീനശക്തിയും നിലനിൽക്കുന്നതിനാൽ ഒഴുക്കിനെതിരെ നീന്തുന്നതു പോലെയുള്ള ഒരു സംഘർഷാവസ്ഥ ജീവിതത്തിൽ അനുഭവപ്പെടാം.ഓരോ ദിവസവും പാപത്തിൽ വീണും ഏറ്റുപറഞ്ഞും മുന്നോട്ടുപോകുന്ന അനുഭവമാണ് നമുക്കെങ്കിൽ നാം ക്രിസ്തുവിൽ ജയാളികളാണെന്നു ദൈവം എങ്ങനെ പ്രഖ്യാപിക്കും?

യേശു പാപം ക്ഷമിക്കുക മാത്രമല്ല, പാപങ്ങളിൽനിന്നു രക്ഷിക്കുകയും ചെയ്യുന്നു. അതായതു പാപത്തിന്റെ ശിക്ഷയിൽ നിന്ന് മാത്രമല്ല പാപത്തിന്റെ ശക്തിയിൽ നിന്നും നമ്മെ വിടുവിക്കുന്നു. കർത്താവിനെ രക്ഷകനായി സ്വീകരിച്ചപ്പോൾ നാം രക്ഷിക്കപ്പെട്ടു. പാപത്തിന്റെ ശിക്ഷയിൽ നിന്നു രക്ഷപ്രാപിച്ചു. ഇതാണു ഭൂതകാല രക്ഷ. ഇന്നു നാം രക്ഷയുടെ വർത്തമാനകാലത്തിലായിരിക്കുന്നു. രക്ഷയുടെ വർത്തമാനകാലമായ ഇപ്പോൾ നാം പാപത്തിന്റെ പ്രലോഭനത്തിൽനിന്നാണു രക്ഷ പ്രാപിക്കേണ്ടത്. പാപത്തിന്റെ ശിക്ഷയിൽ നിന്നും ശക്തിയിൽ നിന്നും യേശുക്രിസ്തുവിൽക്കൂടി രക്ഷ പ്രാപിക്കുന്നവർ എന്നന്നേക്കുമായി പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നു ഭാവിയിൽ രക്ഷപ്രാപിക്കും. ശരീരരൂപാന്തരം പ്രാപിച്ചു കർത്താവിനോട് കൂടി എടുക്കപ്പെടുമ്പോഴാണ് രക്ഷയുടെ പൂർത്തീകരണം സംഭവിക്കുന്നത്.

അറിഞ്ഞും അറിവു കൂടാതെയും ചെയ്യുന്ന എല്ലാ പാപങ്ങളിന്മേലും ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയ ജീവിതം! അതായിരിക്കണം ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ സ്വപ്നവും ലക്ഷ്യവും ആവേശവുമെല്ലാം! ജയകരമായ ക്രിസ്തീയജീവിതം എന്നത് എല്ലാ പാപത്തിന്മേലും ബോധപൂർവമായ ജയമുള്ള ജീവിതമാണ്. അങ്ങനെയൊരു ജീവിതം സാധ്യമാണെന്നു പലരും വിശ്വസിക്കുന്നില്ല. അത് പ്രസംഗിക്കുന്നുമില്ല. ആത്മാവിനോട് പോരാടുന്ന ജഡമോഹങ്ങളുടെ മുമ്പിൽ പരാജയപ്പെടുന്ന ജീവിതം നയിക്കേണ്ടി വരുന്നത് ക്രിസ്താനുരൂപരായി ജീവിക്കണമെന്നുള്ള ആഗ്രഹത്തിന്റെ തിരിച്ചടിയാണ്. ഈ ലക്കത്തിലെ സന്ദേശം ഊന്നൽ നൽകുന്നത് സംഘർഷങ്ങളെ ജയിച്ചു ജയകരമായ ക്രിസ്തീയജീവിതംനയിക്കുന്നതിനെക്കുറിച്ചാണ്.

തിരുവചനത്തിന്റെ വെളിച്ചത്തിൽ ലോകസംഭവങ്ങളെ വിലയിരുത്തിയാൽ കർത്താവിന്റെ രണ്ടാം വരവ് സമാഗതമായിരിക്കുന്നു എന്ന് വ്യക്തമാകുന്നു. അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരുമ്പോൾ സംഭവിക്കേണ്ടുന്ന കാര്യങ്ങളാണ് ആത്മിക മേഖലയിലും ഭൗതികമേഖലയിലും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. നാം ആയിരിക്കുന്നത് ദുഷ്ക്കാലമാകയാൽ, ബുദ്ധിഹീനരാകാതെ, ദൈവഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞ്, സമയം തക്കത്തിൽ ഉപയോഗിച്ച്, ഭയത്തോടും വിറയലോടുകൂടി നമ്മുടെ ഓട്ടം ഓടി തികയ്ക്കാം. ഓരോ വായനക്കരെയും അതിനായി ദൈവം ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ ലക്കം സമർപ്പിക്കുന്നു.

പുസ്തകം 13 ലക്കം 2
ഫെബ്രുവരി 2024

# ഈ ലക്കത്തിൽ

**ജയജീവിതത്തിനായുള്ള സംഘർഷം** 4
ജോയ് എം. തോമസ്

**കരുണയുള്ള ഒരു മൃദു സ്പർശമാണാവശ്യം...** 7
സാജു മാത്യു

**ദൈവശക്തിയുടെ വെളിപ്പെടുത്തൽ** 9
ജോർജ് മാത്യു, പുതുപ്പള്ളി

**നുറുക്കമുള്ള ഒരു ഹൃദയം** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**ജീവപര്യന്തം മരണഭയത്തോടെ** 14
ചെയ്സ് ജോസഫ്

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**എന്റെ ഗാനത്തിന്റെ കഥ...** 18
സുജ വിനു

**പ്രാർത്ഥനയുടെ ഉദാത്തമാതൃക** 20
ഷാജി ഉമ്മൻ

**ബൈബിളിലെ പുസ്തക ക്രമങ്ങൾ** 22

**വനിതാ വീഥി** 23

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



# ജയജീവിതത്തിനായുള്ള സംഘർഷം

ആത്മീയജീവിതത്തിൽ നിങ്ങൾ സംഘർഷം അനുഭവിക്കുന്നുണ്ടോ? വിജയകരമായ ജീവിതം സാധ്യമാണോ എന്നു ചിന്തിക്കാറുണ്ടോ? ചിന്താകുലങ്ങളും ഉത്കണ്ഠകളും ഭയവും നിരാശയും ഒക്കെ ആഞ്ഞടിക്കുമ്പോൾ പിടിച്ചുനിൽക്കുവാൻ കരുത്തില്ലായെന്ന് തോന്നിപ്പോകുന്നുണ്ടാവും. ബലഹീനനും നിസ്സഹായനും ആണെന്ന് ചിന്തിക്കുന്നുണ്ടോ? മറുവശത്ത് അസൂയയും സ്വയപ്രശംസയും സ്വാർത്ഥതയും ഒക്കെ വളരുന്നത് ശ്രദ്ധിക്കാതെ പോകുന്നുണ്ടോ? നാം നമ്മെത്തന്നെ ശോധന ചെയ്യുന്നത് പ്രയോജനം ചെയ്യും.

അപ്പോസ്തലനായ പൗലോസ് തന്നെത്തന്നെ ഉദാഹരണമായി കാണിച്ചുകൊണ്ട് ഒരു ദൈവപൈതൽ ഉള്ളിൽ അനുഭവിക്കുന്ന സംഘർഷാവസ്ഥയെ തുറന്നു കാണിക്കുന്നു. 'എന്നിൽ എന്നുവച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നന്മ ചെയ്‌വാനുള്ള താൽപര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഉള്ളംകൊണ്ടു ഞാൻദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും'? (റോമർ 7:18-24).

വീണ്ടുംജനനം പ്രാപിച്ച എല്ലാവരിലും രണ്ടുവിധ സ്വഭാവം നിലനിൽക്കുന്നുണ്ട്. നമ്മുടെ പാപങ്ങൾ ക്ഷമിച്ച് ക്രിസ്തുവിൽ ദൈവം നമ്മെ അംഗീകരിച്ചപ്പോൾ, ദൈവം നമ്മെ വിശുദ്ധരാക്കിത്തീർത്തിരിക്കുന്നു. അതിന്റെ അർത്ഥം നാം വിശുദ്ധിയിൽ പൂർണ്ണരായി എന്നല്ല. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായിരിക്കുന്നു (2 കൊരിന്ത്യർ 5:17) എന്നെഴുതിയിരിക്കുന്നത് പോലെ പുതിയ ഒരു സ്വഭാവം (ആത്മസ്വഭാവം) ഉൾക്കൊണ്ടുകൊണ്ട് നാം പുതിയ സൃഷ്ടിയായിരിക്കുന്നു. എന്നാൽ നാം ഈ ഭൂമിയിലേക്ക് ജനിച്ചപ്പോൾ ആദമിന്റെ സന്തതികൾ ആയിട്ടാണല്ലോ ജനിച്ചത്. അതിനാൽ ദാവീദ് പറഞ്ഞിരിക്കുന്നത് പോലെ 'ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു (സങ്കീർത്തനം 51:5) എന്നതാണ് നമ്മുടെ എല്ലാവരുടെയും ജനനാവസ്ഥ. അങ്ങനെ പാപസ്വഭാവം(Sinfull nature) അഥവാ ജഡസ്വഭാവം നമ്മുടെ ജനനത്തിൽത്തന്നെ നമ്മിൽ ഉരുവായിത്തീർന്നു. പഴയസ്വഭാവം നമ്മിൽ നിന്ന് വിട്ടു മാറിയിട്ടില്ല. എല്ലാ പാപങ്ങളുടെയും ഉറവിടവും ഇരിപ്പിടവുമായ ജഡസ്വഭാവം

നമ്മുടെ മരണം വരെയും, അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ നാം രൂപാന്തരപ്പെട്ട് എടുത്തു കൊള്ളപ്പെടുന്നതുവരെയും നമ്മിൽ നിലനിൽക്കും.

ജഡസ്വഭാവവും ആത്മസ്വഭാവവും തമ്മിൽ നിരന്തരം പോരാട്ടം നടക്കുന്ന യുദ്ധഭൂമിയാണ് നമ്മുടെ മനസ്സ് അഥവാ ചിന്താമണ്ഡലം. ചിന്തയിൽ രൂപപ്പെടുന്ന കാര്യങ്ങളാണല്ലോ പ്രവർത്തിയിൽവെളിപ്പെടുന്നത്. നന്മ ചെയ്യുവാനുള്ള താല്പര്യം ഉണ്ടെങ്കിലും ഇച്ഛിക്കാത്ത തിന്മ പ്രവർത്തിക്കുന്ന പരാജയ അവസ്ഥ നമ്മിൽ ഉണ്ടെന്നുള്ളത് വാസ്തവമാണ്. പാപസ്വഭാവം ചിന്തകളെ അത്രമാത്രം സ്വാധീനിക്കുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. നമ്മുടെ മനസ്സിൽ നടക്കുന്ന ഈ പോരാട്ടത്തിന്റെ സംഘർഷമാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അസമാധാനത്തിന്റെ കാരണവും അതുതന്നെ.

രോഗനിർണയം നടത്തിയാൽ ചികിത്സ എളുപ്പമാകും എന്നതുപോലെ, നമ്മിൽ ഓരോരുത്തരുടെയും യഥാർത്ഥ പ്രശ്നം ജഡസ്വഭാവവും ആത്മസ്വഭാവവും തമ്മിൽ നമ്മിൽത്തന്നെ നടക്കുന്ന പോരാട്ടമാണ്എന്ന് മനസ്സിലാക്കുന്നവർക്ക് പ്രശ്നപരിഹാരം എളുപ്പമാകും. യഥാർത്ഥ പ്രശ്നപരിഹാരം ആത്മസ്വഭാവത്തിന് ശക്തിയും ദൃഢതയും ലഭിക്കുക എന്നതാണ്.

ഉള്ളിലെ സംഘർഷം ഗുരുതരം എന്നാണ് പൗലോസ് നമ്മെ മനസ്സിലാക്കുവാൻ ആഗ്രഹിച്ചതും ശ്രമിച്ചതും. അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്നും എന്നെ ആർ വിടുവിക്കും എന്നുള്ള നിലവിളി ശ്രദ്ധിക്കുക. വല്ലാത്ത വിഷമം പിടിച്ച ഒരു പ്രതിസന്ധിയാണിത്. എന്നാൽ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടെന്നുള്ളതാണ് നമ്മെ ഏറ്റവും സന്തോഷിപ്പിക്കുന്നത്. പൗലോസ് പറയുന്നു: നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഹാ! എത്ര അതിശയം! നിലവിളി ആരാധനയായി രൂപപ്പെടുന്നു! കർത്താവായ യേശുക്രിസ്തു എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ്. ക്രിസ്തുവിൽ നമുക്ക് ജയം ഉണ്ട്, സ്വാതന്ത്ര്യം ഉണ്ട്!

ക്രിസ്തുവിൽ നിന്നും ലഭ്യമാകുന്ന പ്രശ്നപരിഹാരം അനുഭവിച്ച് ജയാളികൾ ആയിത്തീരുക എന്നതാണ് നമ്മിൽ ഓരോരുത്തരും ചെയ്യേണ്ടത്. പ്രശ്നത്തിന്റെ ഗൗരവവും അപകടവും ഒക്കെ മനസ്സിലാക്കുന്നവർക്കാണ് ദൈവം ക്രിസ്തുവിൽ നൽകുന്ന പ്രശ്നപരിഹാരത്തിന്റെ വിലയും വലിപ്പവും അത്യാവശ്യവും ഒക്കെ മനസിലാകുന്നത്. അവരുടെ ഹൃദയം ദൈവത്തോടുള്ള നന്ദി കൊണ്ട് നിറഞ്ഞു കവിഞ്ഞു കൊണ്ടിരിക്കും

റോമാലേഖനം എട്ടാം അധ്യായം ക്രിസ്തുവിൽ ഉള്ള പ്രശ്നപരിഹാരത്തിന്റെ വർണ്ണനയാണ്. അതിന് നാം അത്യാവശ്യമായി മനസ്സിലാക്കിയിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്:

**ഒന്നാമത്:** ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം അനുഭവിക്കുക എന്നതാണ്. അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (റോമർ 8:1,2). പാപികളായിരുന്ന നാം ദൈവത്താൽ ശിക്ഷ വിധിക്കപ്പെട്ട കുറ്റവാളികൾ ആയിരുന്നു. നമുക്കുള്ള ശിക്ഷ നിത്യനരകം ആയിരുന്നു. എന്നാൽ ക്രിസ്തു നമ്മുടെ പകരക്കാരനായി നമ്മുടെ സ്ഥാനത്ത് നമ്മുടെ ശിക്ഷ മുഴുവൻ ഏറ്റെടുത്ത് അനുഭവിച്ചതിനാൽ നാം ശിക്ഷയിൽ നിന്നും മോചിതരായി. ദൈവം നമ്മെ നീതിമാന്മാരായി കണക്കാക്കുകയും ചെയ്യുന്നു. ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്ന ഈ സ്വാതന്ത്ര്യം നാം തിരിച്ചറിയണം. നമ്മെ രക്ഷിച്ച കർത്താവിനോട് നന്ദിയുള്ളവരായി അർപ്പണബോധത്തോടെ ജീവിക്കുമ്പോൾ രക്ഷയുടെ സന്തോഷം നമ്മുടെ ഉള്ളിൽ നിറഞ്ഞു പൊങ്ങിക്കൊണ്ടിരിക്കും. ക്രിസ്തുവിൽ ആയിരിക്കുന്ന ഓരോരുത്തരും നിത്യജീവന്റെ അവകാശികളുമായി. ജീവൻ നൽകുന്ന ആത്മശക്തി അവരെ മരണത്തിനധീനപ്പെടുത്തുന്ന പാപത്തിന്റെ ശക്തിയിൽ നിന്നും വിടുവിച്ചിരിക്കുന്നു.

**രണ്ടാമത്:** നാം ജഡത്തിനു (പാപസ്വഭാവം-Sinfull nature) കടക്കാരായിരിക്കുന്നില്ല. അതുകൊണ്ട് ശരീരത്തിൽ വസിക്കുന്ന പാപസ്വഭാവം നിർബന്ധിക്കുന്നത് നാം ചെയ്യേണ്ടതില്ല. പ്രത്യുത ആത്മാവിന്റെ ശക്തിയാൽ ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുകയാണ് ചെയ്യേണ്ടത്. പാപത്തെ ചെറുത്തുതോൽപ്പിക്കുവാൻ ആത്മാവിനാൽ ദൈവം നമ്മെ ശക്തീകരിക്കുന്നു. ആകയാൽ സഹോദരന്മാരേ, നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ടതിന് ജഡത്തിനല്ല കടക്കാരാകുന്നത്. നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു

എങ്കിലോ നിങ്ങൾ ജീവിക്കും (റോമർ 8:12,13).

**മൂന്നാമത്:** ദൈവത്തോടുള്ള സ്വാതന്ത്ര്യം നമുക്ക് ആസ്വദിക്കുവാൻ കഴിയണം. വഴി നടത്തുവാൻ ദൈവത്തിന്റെ ആത്മാവ് നമ്മോട് കൂടെയുണ്ട്. ദൈവാത്മാവ് നമ്മെ വഴി നടത്തുന്നത് ദൈവത്തോട് ഒരു പിതൃപുത്ര ബന്ധത്തിന്റെ ഊഷ്മളതയിലേക്കാണ്. ദൈവത്തെ അബ്ബാ പിതാവേ എന്ന് വിളിക്കുന്ന ഏറ്റവും അടുത്ത ഒരു ആത്മബന്ധം! എത്ര സ്വാതന്ത്ര്യമാണ് നമുക്ക് അനുഭവിക്കുവാൻ കഴിയുന്നത്. ഈ ബന്ധം നമ്മുടെ ആനന്ദത്തിന്റെയും സമാധാനത്തിന്റെയും വിജയത്തിന്റെയും അടിത്തറയാണ്. ഈ ബന്ധത്തിന്റെ ദൃഢതയാണ് പ്രാർത്ഥനാജീവിതത്തിന്റെ അടിസ്ഥാനം. ദൈവത്തോട് അവിടുന്ന് നമ്മുടെ പിതാവാണ് എന്ന് തിരിച്ചറിഞ്ഞ് സംസാരിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയിലൂടെയാണ് ജയജീവിതത്തിന് ആവശ്യമായ ശക്തി നാം സംഭരിക്കുന്നത്. നാം ദൈവമക്കളാണ് എന്ന ബോധ്യം പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവോടു സംസാരിച്ചുറപ്പിക്കുന്നു. ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ....നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്. നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു (റോമർ 8:14-16).

**നാലാമത്**: തേജസ്കരണത്തിന്റെ പ്രത്യാശ നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ ലോകജീവിതത്തിലെ കഷ്ടങ്ങളെ സാരമില്ല എന്ന് എണ്ണുവാൻ കഴിയും. ലോകജീവിതത്തിൽ കഷ്ടങ്ങൾ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കഷ്ടങ്ങളെ നോക്കി തളരുവാനോ നിരാശപ്പെടുവാനോ പാടില്ല. പ്രത്യുത നമ്മിൽ വെളിപ്പെടുവാനുള്ള തേജസിനെക്കുറിച്ച് ചിന്തിച്ച് പ്രത്യാശയും ധൈര്യവും ഉള്ളവരാകണം.കഷ്ടങ്ങളെല്ലാം താൽക്കാലികമാണ്. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല (റോമർ8:18).

**അഞ്ചാമത്:** ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നുണ്ട് . നാം പല നിലയിൽ ബലഹീനരാണ്. എന്നാൽ ബലഹീനതയിൽ നമ്മെ താങ്ങി ബലപ്പെടുത്തുവാൻ, സഹായിക്കുവാൻ പരിശുദ്ധാത്മാവ് നമ്മോട് കൂടെയുണ്ട്. ഉദാഹരണമായി എന്തു പ്രാർത്ഥിക്കണം എന്നു നമുക്ക് അറിവില്ലാത്ത അവസ്ഥയിൽ നാം ചിലപ്പോൾ ആയിപ്പോയേക്കാം. അപ്പോൾ പരിശുദ്ധാത്മാവ് തന്നെ നമ്മുടെ ഉള്ളിൽ വസിച്ചു കൊണ്ട് വാക്കുകളാൽ വെളിപ്പെടുത്താൻ കഴിയാത്ത ഞരക്കങ്ങളാൽ നമുക്കായി മധ്യസ്ഥത ചെയ്യുന്നു. നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന് അനുസൃതമായിട്ടാണ് പരിശുദ്ധാത്മാവ് നമുക്കായി പിതാവിനോട് അപേക്ഷിക്കുന്നത്. 'അവ്വണ്ണംതന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു.വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു...(റോമർ 8:26-28).

**ആറാമത്:** ദൈവസ്നേഹത്തിൽ വേരൂന്നി വളരുന്നവരായിരിക്കണം നാം ഓരോരുത്തരും. ദൈവസ്നേഹം എത്രത്തോളം നാം ഗ്രഹിക്കുകയും അനുഭവിക്കുകയും ചെയ്യുമോ, അത്രത്തോളം നാം ദൈവസ്നേഹത്തിൽ വേരൂന്നി വളരുന്നവരാവും. ദൈവസ്നേഹത്തിൽ വേരുറയ്ക്കപ്പെട്ടവരെ ദൈവസ്നേഹത്തിൽ നിന്നും അടർത്തി മാറ്റുവാൻ ആർക്കും, യാതൊന്നിനും സാധ്യമല്ല. എല്ലാറ്റിലും പൂർണ്ണ ജയം പ്രാപിക്കുവാൻ അവർക്കാകുന്നു.'.....മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു (റോമർ 8:35-39)

യേശുക്രിസ്തുവിൽ നമുക്ക് പൂർണ്ണജയം ഉണ്ട്. ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിച്ചുകൊണ്ട് ഒരു ജയജീവിതം സാധ്യമാണ്. ദൈവവചനം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവ് നമ്മിലുള്ള പാപങ്ങളെ ഓരോന്നായി സാവകാശത്തിൽ കാണിച്ചുകൊണ്ടിരിക്കും. തെറ്റും വീഴ്ചയും ഓരോന്നായി നമ്മുടെ മനസ്സാക്ഷിക്ക് ബോധ്യമാകും. അവയെ സമ്മതിച്ച് അനുതപിച്ച് പ്രാർത്ഥിക്കുമ്പോൾ യേശുക്രിസ്തുവിന്റെ രക്തത്താൽ അവിടുന്ന് നമ്മെ ശുദ്ധീകരിക്കുകയും നാം ജയം പ്രാപിച്ചു മുന്നേറുകയും ചെയ്യും. അങ്ങനെ പാപപ്രകൃതിക്ക് മേൽ ജയം പ്രാപിച്ച് യേശുക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരായി വളർച്ച പ്രാപിച്ചുകൊണ്ടിരിക്കും. ഇതാണ് ജയകരമായ ക്രിസ്തീയ ജീവിതം! •



സാജു മാത്യു

# കരുണയുള്ള ഒരു മൃദു സ്പർശമാണാവശ്യം...

*'മുമ്പെ സ്വന്ത കണ്ണിൽ നിന്നും കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തുകളവാൻ വെടിപ്പായി കാണും' (മത്തായി 7:5).*

ഒരു സഞ്ചാരി ഒരു പട്ടണത്തിലെത്തി. വഴിയിൽ കണ്ട ഒരു വൃദ്ധനോട് അയാൾ ചോദിച്ചു: "എങ്ങനെയുണ്ട് ഈ പട്ടണത്തിലെ ജനങ്ങൾ". "നിങ്ങൾ ഇപ്പോൾ വിട്ടിട്ടുപോന്ന പട്ടണത്തിലെ ജനങ്ങൾ എങ്ങനെയുള്ളവർ ആയിരുന്നു?" വൃദ്ധൻ തിരിച്ചു ചോദിച്ചു. "ഓ! ഒന്നും പറയണ്ട! കള്ളന്മാരും കൊള്ളക്കാരും വഞ്ചകന്മാരും കള്ളുകുടിയന്മാരും... ഹമ്മോ! ആ നാട്ടിലെ ജനങ്ങൾ ഭയങ്കരന്മാർ തന്നെ" സഞ്ചാരി വിലപിച്ചു. "എന്തുചെയ്യാം സഹോദരാ" വൃദ്ധൻ യുവസഞ്ചാരിയെ നോക്കി പറഞ്ഞു. "ഈ പട്ടണത്തിലെ ജനങ്ങളും നിങ്ങൾ വിട്ടിട്ടുപോന്ന പട്ടണത്തിലെ ജനങ്ങളെപ്പോലെ തന്നെയുള്ളവരാണ്. നിർഭാഗ്യകരം അല്ലേ?". യുവസഞ്ചാരി മുറുമുറുത്തുകൊണ്ട് നടന്നുപോയി.

പിറ്റേന്ന് വീണ്ടുമൊരു സഞ്ചാരി പട്ടണത്തിലെത്തി. അയാളും പഴയ വൃദ്ധനെത്തന്നെ കണ്ടു. അയാളും അതേ ചോദ്യം തന്നെ വൃദ്ധനോടു ചോദിച്ചു: "എങ്ങനെയുണ്ട് ഈ പട്ടണത്തിലെ ജനങ്ങൾ?"."നിങ്ങൾ ഇപ്പോൾ വിട്ടിട്ടുപോന്ന പട്ടണത്തിലെ ജനങ്ങൾ എങ്ങനെയുള്ളവർ ആയിരുന്നു?" വൃദ്ധൻ സഞ്ചാരിയോട് തിരിച്ചുചോദിച്ചു. "ഓ! ബഹുമാന്യനായ പിതാവേ, ഞാൻ വിട്ടിട്ടുപോന്ന പട്ടണം എത്ര നല്ലതായിരുന്നെന്നോ. അവിടുത്തെ ആൾക്കാരും വളരെ നല്ലവരും വിശ്വസ്തരും കഠിനാധ്വാനികളും ദയാലുക്കളുമാണ്!" സഞ്ചാരി പറഞ്ഞു. "നിങ്ങൾക്ക് തീർച്ചയായും സന്തോഷിക്കാൻ വകയുണ്ട്". വൃദ്ധൻ പറഞ്ഞു: "കാരണം, ഈ പട്ടണത്തിലെ ജനങ്ങളും നിങ്ങൾ വിട്ടിട്ടുപോന്ന പട്ടണത്തിലെപ്പോലെ തന്നെ നല്ലവരും വിശ്വസ്തരും കഠിനാധ്വാനികളും ദയാലുക്കളുമാണ്".

എന്താണ് ഒരേ പട്ടണത്തിലെ ഒരേ ജനങ്ങളെപ്പറ്റി ആ വൃദ്ധൻ രണ്ടുപേരോട് രണ്ടുരീതിയിൽ അതും വിപരീതനിലയിൽത്തന്നെ പറയാൻ കാരണം?

പലപ്പോഴും നാം മറ്റുള്ളവരെ വിധിക്കുന്നത് നമ്മുടെ മനസ്സിന്റെ നിലയ്ക്ക് അനുസരിച്ചാണ്. മറ്റുള്ളവരിൽ ഒരാൾ നന്മ കാണുന്നെങ്കിൽ അതിനർഥം അയാളുടെ മനസ്സിലും നന്മയുണ്ടെന്നാണ്. എല്ലാത്തിലും എല്ലാവരിലും കുറ്റം കണ്ടെത്തുന്നവരുടെ മനസ്സുനോക്കിയാൽ അതിൽ ആകെ മലിനത നിറഞ്ഞിട്ടുണ്ടാകും. "മഞ്ഞപ്പിത്തക്കാരൻ നോക്കുന്നതെല്ലാം മഞ്ഞ" എന്നു നാം പറയാറില്ലേ?

"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്"(മത്തായി 7:1) എന്നു

കർത്താവു പറഞ്ഞു. എന്താണിതിനർഥം? ആരെക്കുറിച്ചും ഒന്നിനെക്കുറിച്ചും നാം ഒരിക്കലും അഭിപ്രായം പറയരുതെന്നാണോ? ഒരിക്കലുമല്ല.

"വിധിക്കുക" എന്ന വാക്കിന്റെ അർഥവ്യാപ്തി നാം അറിയണം. ഒരാളെ വിവേചിക്കുന്നതും കുറ്റം വിധിക്കുന്നതും രണ്ടും രണ്ടാണ്. വിവേചനം അത്യാവശ്യമാണെന്നാണ് യേശുവിന്റെ തന്നെ പഠിപ്പിക്കൽ. ''കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ- വിവേചിപ്പിൻ... അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം" (മത്തായി 7:15,16) എന്നു കർത്താവു തന്നെ പറയുന്നു. അതിനാൽ ഇവിടെ 'വിധിക്കരുത്' എന്നു പറയുന്നത് "ശിക്ഷയ്ക്കു വിധിക്കരുത്" എന്ന അർഥത്തിലാണ് (ലൂക്കൊസ്:6:37) ഉപയോഗിച്ചിരിക്കുന്നത്. നീതിയുള്ള വിധിയെ കർത്താവ് എതിർക്കുന്നില്ല. ''കാഴ്ചപ്രകാരം വിധിക്കരുത്. നീതിയുള്ള വിധി വിധിപ്പിൻ!" (യോഹന്നാൻ: 7:24). നമ്മുടെ കാഴ്ചപ്പാടിൽ കാര്യങ്ങളെക്കണ്ട്, കാര്യങ്ങൾക്ക് തീർപ്പുകല്പിക്കരുത്. നമ്മുടെ മനസ്സിന്റെ നന്മയും മാലിന്യവുമൊക്കെ നമ്മുടെ വിധിയെയും ബാധിക്കും. ഇരുളിൽ മറഞ്ഞിരിക്കുന്നതിനെ വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനയെ വെളിപ്പെടുത്തുന്ന കർത്താവിനായി കാത്തിരിക്കുക (1 കൊരിന്ത്യർ: 4: 5).

ചിലർ ജീവിക്കുന്നതുതന്നെ മറ്റുള്ളവരെ കുറ്റം വിധിക്കാനാണെന്ന് തോന്നും. ഒരിക്കൽ ഒരാൾ ചാൾസ് ഡോവ്സണോടു പറഞ്ഞു: "ഡോവ്സൺ, എനിക്കു നിങ്ങളുടെ പ്രസംഗം ഇഷ്ടമേയല്ല. സഭാരാധനയിൽ പ്രാർഥനയുടെ സമയത്ത് ഞാൻ താഴത്തെ നിലയിൽ കാണും. നിങ്ങളുടെ പ്രസംഗത്തിനുമുൻപ് ഞാൻ ഗാലറിയിൽ കയറി താഴോട്ട് നോക്കിയിരിക്കും- നിങ്ങളുടെ പ്രസംഗം വെറും വെടിയും പുകയും മാത്രം!".

ഡോവ്സൺ ശാന്തമായി അയാളുടെ മുഖത്തേക്കു നോക്കി: "അയൽക്കാരന്റെ ചിമ്മിനിയുടെ മുകളിൽ കയറിയിരുന്ന് താഴേക്കു നോക്കിയാൽ നിങ്ങൾക്ക് കുറെ തീയും പുകയുമേ കാണാൻ കഴിയൂ...അയൽക്കാരന്റെ ഭവനത്തിലെ ജീവൻ കാണാൻ കഴിയില്ല". കുറ്റംവിധിക്കാൻ മാത്രം നടക്കുന്നവരോട് വേറെന്തുപറയാൻ?

"എനിക്ക് ആകെ ഒരു താലന്തു മാത്രമേയുള്ളൂ പാസ്റ്റർ!" ഒരിക്കൽ ഒരാൾ പറഞ്ഞു. "മറ്റുള്ളവരെ കുറ്റംവിധിക്കാനുള്ള താലന്ത്". "ഒരു താലന്തു മാത്രം കിട്ടിയവൻ എന്തുചെയ്തോ, അതുതന്നെ ചെയ്യാനാണ് നിങ്ങൾക്കുള്ള എന്റെ ഉപദേശം!" പാസ്റ്റർ പറഞ്ഞു. ''കൊണ്ടുപോയി നിലത്തു കുഴിച്ചിടുക" (മത്തായി 25: 25).

"നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും" (മത്തായി 7: 2). ഒരു വിശാലമായ ഉദ്യാനത്തിൽ പ്രതിധ്വനി കേൾക്കുന്ന ഒരു പ്രത്യേകസ്ഥലമുണ്ട്. അവിടം സന്ദർശിച്ച ഒരു കുട്ടി അമ്മയോടു വന്ന് പരാതി പറഞ്ഞു: ''അമ്മേ, ഞാനവിടെ നിന്നപ്പോൾ എന്റെ അതേ പ്രായമുള്ള ഒരുകുട്ടി എന്നെ വല്ലാതെ കളിയാക്കി. ഹേയ്... എന്നു ഞാൻ വിളിച്ചപ്പോൾ, എന്നെ ഹേയ് ..എന്നു വിളിച്ചു. ''നിന്റെ പേരെന്താ...'' എന്നു ചോദിച്ചപ്പോൾ അവനും "പേരെന്താ..." എന്നു തിരിച്ചു ചോദിച്ചു. "എന്താ നീ എന്റെ മുന്നിൽ വരാത്തത്" എന്നു ചോദിച്ചപ്പോൾ അവനും ചോദിച്ചു ''എന്താ മുന്നിൽ വരാത്തത്?" ഞാൻ പറഞ്ഞു, "നിന്റെ തല ഞാൻ അടിച്ചുപൊളിക്കും''. അവനും പറയുകയാ, "തല ഞാൻ അടിച്ചുപൊളിക്കും" ഞാൻ ചാടിച്ചെന്ന് അവിടെയെല്ലാം അവനെ നോക്കി. അവനെ എനിക്കു കണ്ടുകിട്ടിയില്ല".

അമ്മ അവനെനോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "മോനേ, നീ അവനോട് ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറഞ്ഞിരുന്നെങ്കിൽ" അവനും "സ്നേഹിക്കുന്നു" എന്നു പറഞ്ഞേനേ. ''നിന്റെ ശബ്ദം എത്ര മാധുര്യം'' എന്നു പറഞ്ഞിരുന്നെങ്കിൽ അവനും അതുതന്നെ പറഞ്ഞേനേ. നീ പറയുന്നതു തന്നെ അവനും തിരിച്ചു പറയും. നീ വളർന്ന് ഒരു പുരുഷനാകുമ്പോഴും ഓർക്കുക: നീ മനുഷ്യരോട് എങ്ങനെ ഇടപെടുമോ, അങ്ങനെതന്നെ അവർ നിന്നോടും ഇടപെടും.

ഒരു താലന്തു കിട്ടിയവൻ പറയുന്നത് എന്താണ്? "ഇതാ നിന്റെ റാത്തൽ... നീ വെയ്ക്കാത്തത് എടുക്കയും വിതയ്ക്കാത്തത് കൊയ്യുകയും ചെയ്യുന്ന കഠിനമനുഷ്യൻ എന്ന് എനിക്കറിയാമായിരുന്നു...". കർത്താവ് പറഞ്ഞു: "ഞാൻ കഠിനമനുഷ്യൻ എന്നു നീതന്നെ പറഞ്ഞല്ലോ... അതെ, നിനക്കു ഞാൻ കഠിന മനുഷ്യനാണ്. നിന്റെ വായിൽനിന്നു തന്നെ ഞാൻ നിന്നെ ന്യായം വിധിക്കും" (ലൂക്കൊസ് 19:20-23). നിങ്ങൾ

ശേഷം പേജ് 28 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# ദൈവശക്തിയുടെ വെളിപ്പെടുത്തൽ

**വി**ശുദ്ധ ബൈബിളിൽ മധുരഗീതികൾ എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകങ്ങളാണ് ഇയ്യോബ്, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം എന്നിവ. ധ്യാനപരവും ഉപദേശസംബന്ധവുമായ വചനങ്ങളാൽ സമ്പന്നമാണ് പ്രസ്തുത കൃതികൾ. കാവ്യഗ്രന്ഥങ്ങൾ എന്നുകൂടി ഇവയ്ക്കു പേരുവന്നത് എബ്രായലിപികളിൽ ഇതിന്റെ വരികൾ ചിട്ടപ്പെടുത്തി എഴുതിയതു കൊണ്ടത്രേ. ഉത്തമഗീതം ഒഴികെയുള്ള പുസ്തകങ്ങൾ ദൈവപൂരിതമായി (God-saturated) എഴുതപ്പെട്ടവയാണ്. സൃഷ്ടിയിലുള്ള ദൈവമഹത്വം, പ്രകൃതിയുടെ മേലുള്ള ദൈവാധിപത്യം, ചരിത്രത്തിന്റെ മേലുള്ള നിയന്ത്രണം എന്നിവയൊക്കെ ഈ ഗ്രന്ഥങ്ങളിൽ വർണിച്ചിരിക്കുന്നു. വിജ്ഞാന ഗ്രന്ഥങ്ങൾ എന്നുകൂടി ഈ പഞ്ചഗ്രന്ഥങ്ങൾക്കു പേരുണ്ട്. ഗ്രഹിക്കാനുള്ള എളുപ്പം മുൻകണ്ടു കൊണ്ട് ഈ പുസ്തകങ്ങൾ എല്ലാം തന്നെ പദ്യരൂപത്തിലാണ് രചിച്ചിരിക്കുന്നത്. മാത്രമല്ല, പഴയനിയമ പുസ്തകങ്ങളിൽ ഗാനങ്ങൾക്കു വലിയ പ്രാധാന്യവും കല്പിച്ചിട്ടുണ്ടല്ലോ.

ദൈവശക്തിയുടെ വെളിപ്പെടുത്തൽ, വർണ്ണന, ദൈവികവും മാനുഷികവുമായ വാദഗതികൾ എന്നിവ ഈ ഗ്രന്ഥത്തിൽ ഉടനീളം നിറഞ്ഞു നിൽക്കുന്നു. സാത്താന്റെ മേലുള്ള ദൈവത്തിന്റെ അധികാരം, ദൈവത്തിന്റെ അനുവാദം കൂടാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത പിശാചിന്റെ ദയനീയാവസ്ഥ ഇവയെക്കുറിച്ചൊക്കെ വ്യക്തമായി ഇയ്യോബ് രേഖപ്പെടുത്തിയിരിക്കുന്നു. പ്രകൃതിയുടെ മേലുള്ള ദൈവത്തിന്റെ പരമാധികാരം, സ്രഷ്ടാവെന്ന നിലയിൽ ദൈവത്തിനുള്ള സ്വാധീനം ഇവയൊക്കെ ഇതിൽ തിളങ്ങി നിൽക്കുന്നു. ദൈവത്തിന്റെ പരമാധികാരത്തെ പുകഴ്ത്തിക്കൊണ്ടുള്ള ഈ മധുരഗീതികൾ നമ്മെ വിനീതരാക്കുകയും ഇയ്യോബിനോട് ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ സന്നദ്ധരാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അത്ഭുതകരമായ ശക്തിയും കൃപയും നമ്മോടു കൂടെയില്ലെങ്കിൽ നാം വെറും കൃമിയും പുഴുവുമാണെന്നു വ്യക്തമാക്കുന്ന ആശയങ്ങൾ ഈ കാവ്യത്തിൽ തെളിഞ്ഞു നിൽക്കുന്നു.

യാക്കോബിന്റെ അനുഗ്രഹവും മോശെയുടെ പാട്ടുകളും കവിവരന്മാരുടെ ഗാനങ്ങളും (സംഖ്യപുസ്തകം 21:27 - 30) മോശെയുടെ തന്നെ മംഗളഗാനവും ദെബോരയുടെ സംഗീതവും ഹന്നയുടെ പാട്ടും ദാവീദിന്റെ വിലാപഗീതവും മരണകീർത്തനങ്ങളും ഇതിനു ഉത്തമമായ തെളിവുകളാണ്. ചുരുക്കിപ്പറഞ്ഞാൽ മധുര

ഗീതികൾ എബ്രായചരിത്രത്തിന്റെ സുവർണ്ണ കാലഘട്ടത്തിലെ ആത്മീയചിന്തകളെ പ്രതിനിധാനം ചെയ്യുന്നവയാണ്. പ്രശസ്ത പണ്ഡിതനായ തോമസ് കാർലിൽ ഇയ്യോബിന്റെ പുസ്തകത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ലോകത്തിൽ ഇന്നുവരെ എഴുതപ്പെട്ടിരിക്കുന്ന എല്ലാ ഗദ്യകവിതകളിലും വച്ചേറ്റവും ശ്രേഷ്ഠം എന്നാണ്. മനുഷ്യമനസിനെ ഇത്രമാത്രം ശക്തമായി അപഗ്രഥനം ചെയ്തിരിക്കുന്ന പുസ്തകങ്ങൾ ലോകചരിത്രത്തിൽ വേറെയില്ലെന്നു തന്നെയാണ്' വിക്ടർ ഹ്യൂഗോയുടെ അഭിപ്രായവും. മോശെയ്ക്കും പഞ്ചഗ്രന്ഥങ്ങൾക്കും മുമ്പ് ജീവിച്ചിരുന്ന ചരിത്രപുരുഷനായ ഇയ്യോബ് അതിപ്രാചീനമായ ദൈവാശ്രയത്തിന്റെ പ്രതിനിധിയായിട്ടാണ് ഈ പുസ്തകത്തിലൂടെ പ്രത്യക്ഷപ്പെടുന്നത്.

ദൈവിക വെളിപ്പാടുകൾ ഓരോ വാക്കിലും അടക്കം ചെയ്ത് പാകപ്പെടുത്തിയിരിക്കുന്ന ഗദ്യകീർത്തനമാണ് സദൃശവാക്യങ്ങൾ. ഭൂമിയിലെ മനുഷ്യർക്കു സ്വർഗം ലഭ്യമാക്കുന്ന നിയമങ്ങളാണ് ഇതെന്നു വേണമെങ്കിൽ പറയാം. വിലയേറിയ പവിഴമുത്തുകൾ അടിഞ്ഞു കിടക്കുന്ന ഒരു മഹാസമുദ്രമായി വേദപണ്ഡിതന്മാർ ഇതിനെ ഉപമിച്ചിട്ടുണ്ട്. യൗവനക്കാരെ നേർപാതയിൽ യാത്ര ചെയ്യാൻ സഹായിക്കുന്ന വഴികാട്ടിയായും കൈചൂണ്ടിയായും ഇവയെ വിശേഷിപ്പിക്കാം. സദൃശവാക്യങ്ങൾ ശ്രദ്ധയോടെ വായിക്കുകയും പ്രമാണിക്കുകയും ചെയ്യുന്നവർക്ക് ഈ ലോകജീവിതത്തിൽ ലജ്ജിക്കേണ്ടി വരികയില്ലെന്ന് വിശുദ്ധ ബൈബിളിലെ പല വ്യക്തികളുടെയും അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. വഴി തിരിച്ചറിയുന്നത് വിവേകിയുടെ ജ്ഞാനം, ചതിക്കുന്നതോ ഭോഷന്മാരുടെ ഭോഷത്വം എന്നു സദൃശവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രമാണം അനുസരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ ഗേഹസിക്കു കുഷ്ഠരോഗവും, ദാനിയേലിന്റെ ശത്രുക്കൾക്കു നികൃഷ്ടാന്ത്യവും, അനന്യാസിനും സഫീറയ്ക്കും മരണശിക്ഷയും ലഭിക്കയില്ലായിരുന്നു.

ദൈവമഹത്വത്തെ വളരെയേറെ പ്രകീർത്തിക്കുന്ന കാവ്യശകലങ്ങൾ നിറഞ്ഞ പുസ്തകമാണ് സങ്കീർത്തനങ്ങൾ. ഡബ്ലിയു ഇ. ഗ്ലാഡ്സ്റ്റൺ ഈ പുസ്തകത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: ഗ്രീക്കു സാംസ്കാരികതയിലെ സകല അത്ഭുതങ്ങളും ചേർത്തുവച്ചു നോക്കിയാലും സങ്കീർത്തനങ്ങളിൽ വിവരിച്ചിരിക്കുന്ന അത്ഭുതങ്ങളുടെ മുമ്പിൽ അവ ഏതുമല്ല. ധ്യാനചിന്തകൾക്കായി വേർതിരിച്ചിരിക്കുന്ന ഈ ഗദ്യകവിതകളെ ബൈബിളിന്റെ സംഗ്രഹം (Epitome) എന്നു കരുതുന്നതിലും തെറ്റില്ല. അതുകൊണ്ടു തന്നെയാണ് സങ്കീർത്തനങ്ങൾ ഇസ്രയേൽ രാഷ്ട്രത്തിന്റെ ദേശീയ ഗാനമായും' (National Slogan) അറിയപ്പെടുന്നത്. ആരാധനാഗീതങ്ങൾ അടങ്ങിയ ഈ 150 കവിതകൾ എബ്രായഭാഷയിൽ സ്തുതികളുടെ പുസ്തകം' (Book of Praise) എന്ന പേരിലാണ് പ്രസിദ്ധമായിരിക്കുന്നത്. ആദിമ ക്രൈസ്തവ സഭാപിതാക്കന്മാർക്ക് സങ്കീർത്തനങ്ങൾ മുഴുവൻ ഹൃദിസ്ഥമായിരുന്നു. ദൈവനന്മയെയും മഹത്വത്തെയും അധികാരത്തെയും മറ്റു ദൈവിക ഗുണഗണങ്ങളെയും പ്രകീർത്തിച്ചുകൊണ്ട് ആരാധിക്കുന്ന ഒരു വ്യക്തി സങ്കീർത്തനങ്ങളിൽ വലിയ ആത്മീയ സമ്പത്ത് കണ്ടെത്തുന്നു. നീതിമാനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും, ക്ഷമിക്കുന്നവനും, ശിക്ഷിക്കുന്നവനും, സൗഖ്യമാക്കുന്നവനുമായ ദൈവത്തിന്റെ ഗുണഗണങ്ങളെ വാഴ്ത്തിപ്പാടാത്ത ഒരൊറ്റ സങ്കീർത്തനം പോലുമില്ല.

ഉത്തമഗീതത്തിന്റെ രചയിതാവും ശലോമോൻ ആണെന്ന് വിശ്വസിക്കപ്പെടുന്നു. അവൻ മൂവായിരം സദൃശവാക്യം പറഞ്ഞു, അവന്റെ ഗീതങ്ങൾ ആയിരത്തിയഞ്ചായിരുന്നു. ബി.സി 970ൽ ശലോമോന്റെ സുവർണ്ണഭരണകാലയളവിൽ രചിച്ചതായി കരുതപ്പെടുന്ന ഈ ഗ്രന്ഥം വിവാഹത്തെയും ദാമ്പത്യസ്നേഹത്തെയും പ്രകീർത്തിക്കുന്നവയാണ്. ആദിമകാല ജൂതവിദ്യാർത്ഥികൾ ഉത്തമഗീതത്തെ യഹോവയ്ക്ക് യിസ്രായേലിനോടുള്ള പ്രേമമായി വ്യാഖ്യാനിച്ചു പഠിച്ചു. ആദിമ ക്രൈസ്തവരാകട്ടെ അതിനെ ക്രിസ്തുവും പുതിയനിയമ സഭയുമായിട്ടുള്ള പ്രേമമായി കരുതുകയും പഠിപ്പിക്കുകയും ചെയ്തു. മതേതരഗ്രന്ഥമായി കരുതപ്പെടുന്ന ഉത്തമഗീതത്തിൽ മതവുമായി ബന്ധമുള്ള ഒരു വാക്കുപോലും കാണുവാൻ പ്രയാസമാണ്. ദൈവാത്മസഹായത്തോടെ വായിച്ചു ധ്യാനിക്കുന്നവർക്ക് ദൈവികസ്നേഹത്തിന്റെ രസവും രഹസ്യവും അനുഭവപ്പെടുകയും ചെയ്യും.

ശലോമോൻ രാജാവിന്റെ വാർദ്ധക്യസമയത്തു (ബി.സി.935) രചിച്ചതെന്നു കരുതപ്പെടുന്ന സഭാപ്രസംഗി സൂര്യനു കീഴിലുള്ള മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളെയും അപഗ്രഥനം ചെയ്യുന്നു.

ശേഷം പേജ് 13 ▶



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# നുറുക്കമുള്ള ഒരു ഹൃദയം

**ആ**ദ്യമായി നാം യേശുവിന്റെ അടുക്കൽ വരുമ്പോൾ നാം ഏതവസ്ഥയിലായിരുന്നാലും അവിടുന്ന് നമ്മെ സ്വീകരിക്കുന്നു. നമ്മുടെ ആവശ്യങ്ങൾ എന്തുതന്നെ ആയിരുന്നാലും ദൈവത്താൽ നിറവേറ്റപ്പെടുന്നു. എങ്കിലും ദൈവം നമ്മുടെ ജീവിതത്തിൽ നിന്ന് ആഗ്രഹിക്കുന്നത് ഹൃദയപൂർവ്വം നന്ദിയുള്ള ആരാധനയാണ്. ദൈവസ്നേഹത്താൽ ശുദ്ധീകരിക്കപ്പെട്ട ആത്മാവിൽ നിന്നാണ് അത് ഉത്ഭവിക്കുന്നത്. വിഗ്രഹങ്ങളില്ലാത്ത ഹൃദയത്തിൽ നിന്ന് സുഗന്ധധൂപം പോലെ ഉയരുന്നതാണ് യഥാർത്ഥ ആരാധന.

നമ്മുടെ ഉള്ളിലെ പാപത്തിന്റെയും സ്വയത്തിന്റെയും വിഗ്രഹങ്ങളെ വ്യക്തിപരമായി മന:പ്പൂർവ്വം ക്രിസ്തു നശിപ്പിക്കുന്നില്ല. തിരുവെഴുത്തിലൂടെ അത് ചൂണ്ടിക്കാണിച്ച് അവയെ നശിപ്പിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. അതായത് നാം നമ്മെത്തന്നെ സമർപ്പിക്കണം എന്നർത്ഥം. ദൈവശബ്ദം അനുസരിക്കുന്നതിൽ വിമുഖരാണെങ്കിൽ നമ്മുടെ ആത്മാവിനു ഒരു ശുദ്ധീകരണം ആവശ്യമാണ്. വാസ്തവത്തിൽ ഏറ്റു പറഞ്ഞുപേക്ഷിക്കുവാൻ മനസ്സില്ലാതെ പാപമോചനം മാത്രം തേടുന്ന, സ്വഭാവത്തിൽ രൂപാന്തരമില്ലാത്ത ആളുകൾക്കു ആവശ്യമുള്ള അസാധാരണവും അഗാധവുമായ ഒരു മാനസാന്തരത്തെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. പാപമോ സ്വയമോ നമ്മുടെ ഹൃദയങ്ങളിൽ ഒരു വിഗ്രഹമായി മാറാൻ അനുവദിക്കാത്ത ജാഗ്രതയും നുറുക്കവുമുള്ള ഒരു ഹൃദയമനോഭാവം അനിവാര്യം.

വിഗ്രഹങ്ങളെക്കുറിച്ചുള്ള ക്രിസ്തുവിന്റെ വീക്ഷണമാണ് പുറപ്പാടിൽ നാം കാണുന്നത്. നീ ചെല്ലുന്ന ദേശത്തു പാർക്കുന്ന ജനങ്ങളുമായി യാതൊരുവിധ കരാറിലും ഏർപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണം. അല്ലെങ്കിൽ അതു നിനക്ക് ഒരു കെണിയായിത്തീരും. നിങ്ങൾ അവരുടെ ആരാധനാരീതികളോ ആചാരങ്ങളോ അനുകരിക്കരുത്. അന്യദൈവങ്ങളെ നമസ്കരിക്കരുത്; നമ്മുടെ ദൈവം തീക്ഷ്ണതയുള്ളവൻ തന്നെ (പുറപ്പാട് 34:12 - 14)

ക്രിസ്തുവിന്റെ സ്വഭാവത്തിന് നിരവധി വശങ്ങളുണ്ട്. അവിടുന്ന് നല്ല

**ദൈവശബ്ദം അനുസരിക്കുന്നതിൽ വിമുഖരാണെങ്കിൽ നമ്മുടെ ആത്മാവിനു ഒരു ശുദ്ധീകരണം ആവശ്യമാണ്..... പാപമോ സ്വയമോ നമ്മുടെ ഹൃദയങ്ങളിൽ ഒരു വിഗ്രഹമായി മാറാൻ അനുവദിക്കാത്ത ജാഗ്രതയും നുറുക്കവുമുള്ള ഒരു ഹൃദയമനോഭാവം അനിവാര്യം.**

ഇടയനും നമ്മുടെ വിമോചകനും സൗഖ്യദായകനുമാണ്. നമ്മുടെ ആവശ്യങ്ങൾ ദൈവത്തിൽ നിന്നും പ്രാപിക്കുന്നതിലൂടെയാണ് നാം ദൈവത്തെ അറിഞ്ഞു തുടങ്ങുന്നത്. അങ്ങനെ അവിടുന്ന് നിശ്ചയിച്ചിരിക്കുന്നു. കാരണം അവിടുന്ന് നമ്മുടെ ഏതാവശ്യങ്ങൾക്കുമുള്ള ഏക ഉത്തരമാണ്. എന്നാൽ യേശു എപ്രകാരമാണ് നമ്മെ നോക്കിക്കാണുന്നത്? യേശുവിന്റെ കണ്ണുകളിലൂടെ നമ്മെ നോക്കുമ്പോൾ, സഭ തന്റെ മണവാട്ടിയാണ്: നാം അവന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും ആണ് (എഫേസ്യർ 5:22 - 32). ക്രിസ്തുവിന്റെ ഉപദേശാനുസരണം ജീവിക്കുമ്പോഴാണ് ക്രിസ്തീയജീവിതം ആകർഷകമാകുന്നത്. അവിടുന്ന് നമ്മെ തനിക്കായി രക്ഷിച്ചിരിക്കുന്നു (കൊലോസ്യർ 1:16). വിവാഹനിശ്ചയം യഥാർത്ഥ രക്ഷയുടെ ഒരു രൂപകമാണ്. തന്നോടൊപ്പം എന്നും വസിക്കേണ്ടതിനായി അവിടുന്ന് നമ്മെ ശുദ്ധീകരിക്കുന്നു. എങ്കിലും നമ്മുടെ സ്വാർത്ഥതാല്പര്യങ്ങളുടെ വഴികൾ ദൈവദൃഷ്ടിയിൽ വിഗ്രഹാരാധനയ്ക്ക് സമമാണ്. ഇത് ദൈവത്തിന്റെ തീക്ഷ്ണതയുടെ അഗ്നിയെ ജ്വലിപ്പിക്കുവാൻ പര്യാപ്തമാണ്. അതായത് സ്വന്തയിഷ്ടം വെടിഞ്ഞു ദൈവേഷ്ടത്തിന്റെ പാതയിൽ നാം മുന്നേറണമെന്നാണ് ദൈവികപദ്ധതി.

ഒറ്റപ്പെട്ട പാപങ്ങളെയല്ല വിഗ്രഹമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഏതെങ്കിലും പാപസ്വഭാവം നമ്മെ ഭരിക്കുകയും നാം അതിനടിമപ്പെടുകയും ചെയ്യുമ്പോഴാണ് അത് ഒരു വിഗ്രഹമായി പരിണമിക്കുന്നത്. ചിലർക്ക് മക്കൾ ഒരു വിഗ്രഹമാണ്. മറ്റു ചിലർക്ക് അത് ജഡമോഹങ്ങളായിരിക്കാം. വേറെ ചിലർക്ക് അത് മത്സരമോ അഹങ്കാരമോ ആണ്. നമ്മുടെ മേലുള്ള യേശുവിന്റെ സമ്പൂർണ്ണ കർതൃത്തത്തെ വെല്ലുവിളിക്കുന്നതെന്തിനെയും തന്റെ ശത്രുവായിട്ടാണ് താൻ കാണുന്നത്. അവിടുന്ന് തീർച്ചയായും അതിനോട് ചെറുത്തു നിൽക്കും. മണവാട്ടിയെന്ന നിലയിൽ നമ്മോടുള്ള തന്റെ തീക്ഷ്ണത നിമിത്തം, ഈ വിഗ്രഹങ്ങളെ നാം തന്നെ നശിപ്പിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്നു. അതായതു ഇത്തരം ജഡസ്വഭാവങ്ങളൊന്നും തന്നെ നമ്മുടെമേൽ ആധിപത്യം നടത്താതവണ്ണം ദൈവകൃപ പ്രാപിച്ചു അവയെ നിർമ്മൂലമാക്കേണ്ടതാണ്.

മറഞ്ഞിരിക്കുന്ന പാപമാകുന്ന വിഗ്രഹങ്ങൾ ഉടയാതെ താഴെയിറക്കി വയ്ക്കുവാനല്ല യേശു ആഗ്രഹിക്കുന്നത്. പ്രത്യുത പൂർണ്ണമായി തകർത്തു കളയുവാൻ അവിടുന്ന് നമ്മോടു കൽപ്പിക്കുന്നു. പാപത്തിന്റെ ഏതെങ്കിലും ആന്തരിക വിഗ്രഹം യേശു കാണിച്ചുതരുമ്പോൾ, നാം അത് പൂർണ്ണമായും ഉന്മൂലനം ചെയ്യണം. അത്തരം ഏതെങ്കിലും പാപസ്വഭാവം ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്നു എങ്കിൽ അവ ഒരിക്കലും തലപൊക്കാതവണ്ണം വേരോടെ പിഴുതുകളയണം.

**ദൈവത്തേക്കാളുപരിയായി എന്തിനെയെങ്കിലുമോ ആരെയെങ്കിലുമോ സ്നേഹിച്ചാൽ അതും വിഗ്രഹാരാധനയ്ക്കു സമമാണ്. അക്ഷരാർത്ഥത്തിൽ വിഗ്രഹത്തെ ആരാധിക്കുന്നില്ലെങ്കിലും ഫലത്തിൽ വിഗ്രഹാരാധന തന്നെയാണ്.**

വിഗ്രഹങ്ങളെയൊന്നും ആരാധിക്കുന്നില്ലായെന്നു നമുക്ക് തോന്നിയേക്കാം. ഏതെങ്കിലും മനുഷ്യനിർമ്മിത വിഗ്രഹങ്ങളുടെ മുമ്പിൽ നിൽക്കുകയോ അതിനെ ദൈവമായി സ്തുതിക്കുകയോ ചെയ്യരുത്. തീർച്ചയായും, വിജാതീയരുടെ വിഗ്രഹങ്ങളെ നാം ആരാധിക്കുന്നില്ല. ദൈവത്തേക്കാളുപരിയായി എന്തിനെയെങ്കിലുമോ ആരെയെങ്കിലുമോ സ്നേഹിച്ചാൽ അതും വിഗ്രഹാരാധനയ്ക്കു സമമാണ്. അക്ഷരാർത്ഥത്തിൽ വിഗ്രഹത്തെ ആരാധിക്കുന്നില്ലെങ്കിലും ഫലത്തിൽ വിഗ്രഹാരാധന തന്നെയാണ്. ആധുനിക ലോകത്തിലെ എല്ലാ കാര്യങ്ങളും പോലെ, മനുഷ്യനിൽ സങ്കീർണ്ണമായ വിഗ്രഹാരാധനയുണ്ട്. ദൈവവചനത്തേക്കാൾ നമ്മുടെ ഹൃദയത്തിൽ പണമോ പദവിയോ സ്ഥാനമോ മാനമോ ഇടം പിടിച്ചാൽ നാം വിഗ്രഹാരാധനയിലാണ് ജീവിക്കുന്നത്. ഭയത്തിനും കയ്പ്പിനും അഹങ്കാരത്തിനും അടിമപ്പെടുമ്പോൾ അന്ധകാരശക്തികൾക്ക് മുന്നിൽ നാം തലകുനിക്കുന്നു. ഈ വിഗ്രഹങ്ങൾ ഓരോന്നും തകർത്ത്, തരിപ്പണമാക്കി ഹൃദയത്തിന്റെ ഉള്ളറയിൽ നിന്ന് പൂർണ്ണമായും ഇല്ലാതാക്കണം. ദൈവം തീക്ഷ്ണവനാണ്. തന്റെ സ്വഭാവം വെളിപ്പെടുത്തുവാനാണ് തീക്ഷ്ണതയുള്ള ദൈവമെന്നു താൻ തന്നെ പറഞ്ഞിരിക്കുന്നത്. അവിടുന്ന് സ്വന്തം ആടുകളെ പേർ ചൊല്ലി വിളിക്കു

ന്നു (യോഹന്നാൻ 10:3). നാം ഓരോരുത്തരുടെയും പേര് കൃത്യമായി യേശുവിന് അറിയാം. അവിടുന്ന് വ്യക്തിപരമായി നമ്മെ സ്നേഹിക്കുന്നു. വ്യക്തികൾ എന്ന നിലയിൽ ക്രിസ്തു നമ്മോട് തീക്ഷ്ണത കാണിക്കുന്നു. അതിനാൽ നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളെയും അവിടുന്ന് പരിപാലിക്കുകയും ചെയ്യുന്നു. നമ്മുടെ പാപങ്ങൾക്കായി നമുക്ക് പകരം യേശു അപമാനവും നിന്ദ്യമായ ക്രൂശുമരണവും അനുഭവിച്ചു എന്ന വസ്തുത താൻ എത്രത്തോളം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്.

എന്റെ ശുശ്രൂഷയുടെ തുടക്കത്തിൽ, ചില വ്യക്തികളെ ദൈവത്തിനു സ്വീകാര്യരല്ല എന്ന നിലയിൽ അവഗണിക്കേണ്ടി വന്നിട്ടുണ്ട്. കാരണം അവരിൽ പാപസ്വാഭാവത്തോടുള്ള അമിതാസക്തി പ്രകടമായിരുന്നതിനാൽ ആയിരുന്നു അത്. വർഷങ്ങൾക്കു ശേഷം ഇതേ വ്യക്തികൾ ദൈവത്തോടൊപ്പം വിശ്വാസത്തിൽ നടക്കുന്നതായി അത്ഭുതത്തോടെ ഞാൻ കണ്ടെത്തി. ദൈവത്തിന്റെയും മനുഷ്യന്റെയും കാഴ്ചപ്പാടുകളുടെ അന്തരം പ്രകടമാക്കുന്ന ഒരു ഉത്തമ ദൃഷ്ടാന്തം ആണിത്. കാരണം ദൈവം വിശ്വസ്തനാണ്. ഒരു വ്യക്തിയെന്ന നിലയിൽ തീക്ഷ്ണമായ സ്നേഹത്തോടെ അവിടുന്ന് അവരെ സ്നേഹിച്ചു. എന്നിരുന്നാലും നാം ദൈവസ്നേഹം

> **നാം വിശുദ്ധരായിരിക്കുവാൻ ആഗ്രഹിക്കുന്നുവോ? എങ്കിൽ നമ്മുടെ ഉള്ളിൽ നിന്ന് പാപത്തിന്റെ വിഗ്രഹങ്ങൾ നീക്കം ചെയ്യുക. എന്തെന്നാൽ, സ്നേഹത്താൽ ശുദ്ധീകരിക്കപ്പെട്ട ആത്മാവിലാണ് വിശുദ്ധി നിലനിൽക്കുന്നത്.**

അനുഭവിക്കണമെങ്കിൽ, സ്വയകേന്ദ്രീകൃതമായ ജീവിതം, പാപം, എന്നിവയുടെ വിഗ്രഹങ്ങൾ നശിപ്പിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നു. ഈ വിഗ്രഹങ്ങൾ തകർത്തുകൊണ്ടു നമ്മുടെ ഉദ്ദേശ്യങ്ങളും ദൈവത്തോടുള്ള സ്നേഹവും തെളിയിക്കാൻ അവിടുന്ന് പറയുന്നു.

നാം വിശുദ്ധരായിരിക്കുവാൻ ആഗ്രഹിക്കുന്നുവോ? എങ്കിൽ നമ്മുടെ ഉള്ളിൽ നിന്ന് പാപത്തിന്റെ വിഗ്രഹങ്ങൾ നീക്കം ചെയ്യുക. എന്തെന്നാൽ, സ്നേഹത്താൽ ശുദ്ധീകരിക്കപ്പെട്ട ആത്മാവിലാണ് വിശുദ്ധി നിലനിൽക്കുന്നത്. അങ്ങനെ വിഗ്രഹങ്ങളില്ലാത്ത ഹൃദയത്തിൽ നിന്ന് ആരാധനയുടെ സുഗന്ധധൂപം പുറപ്പെടുന്നു. •

## 10 ദൈവശക്തിയുടെ വെളിപ്പെടുത്തൽ

ജീവിതത്തിന്റെ നിസാരതയെക്കുറിച്ച് സ്പഷ്ടമായി പറയുന്നുണ്ടെങ്കിലും ദൈവികമായ ചിന്തകളോടെയാണ് ഓരോ അദ്ധ്യായവും അവസാനിപ്പിക്കുന്നത്. മനുഷ്യായുസിലെ പ്രധാന ലക്ഷ്യം സന്തോഷസമ്പാദനമാണെന്നു വ്യക്തമാക്കുമ്പോൾത്തന്നെ അതിന്റെ അടിസ്ഥാനം ദൈവഭയത്തിലും അനുസരണത്തിലുമാണെന്നു സ്ഥാപിച്ചിട്ടുണ്ട്. പാപത്തിന്റെ ഫലമായി ജീവിതാന്ത്യത്തിൽ അനുഭവിക്കേണ്ടി വന്ന ദുര്യോഗങ്ങളെ അയവിറക്കിക്കൊണ്ട് ശലോമോൻ നൽകുന്ന സദുപദേശങ്ങൾ കൂടിയാണിവ. വളഞ്ഞതിനെ നേരെയാക്കുവാനും നിവർന്നതിനെ വളയ്ക്കുവാനും കഴിവുള്ള ദൈവം സകല മനുഷ്യരുടെയും രഹസ്യങ്ങളെ ഒരുനാൾ ന്യായം വിധിക്കുമെന്നുള്ള മുന്നറിയിപ്പോടുകൂടിയാണ് പുസ്തകം അവസാനിപ്പിച്ചിരിക്കുന്നത്.

സർവ്വസംഗപരിത്യാഗിയും ദൈവഭക്തനുമായിരുന്ന മൂത്താമ്പാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി ഉത്തമഗീത'ത്തെ വിലയിരുത്തിയ വിധം സ്പർശിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ. ഞാൻ ബാഖായിൻ താഴ്വരയിലൂടെ നടന്നപ്പോഴും, കണ്ണുനീരിൻ സമുദ്രത്തിൽ കിടന്നപ്പോഴും സന്തതസഹചാരിയായിരുന്ന വിശുദ്ധ ബൈബിൾ അതീവ ശ്രദ്ധയോടെ വായിച്ചു ധ്യാനിക്കുമായിരുന്നു. എന്റെ ആത്മമണവാളനായ യേശുകർത്താവിന്റെ മാറോട് ചാരി ആശ്വസിക്കുന്ന ഒരു കൊച്ചുകുഞ്ഞായിരുന്നു ഞാൻ അപ്പോൾ. 'ഉത്തമഗീത'ത്തിലെ വചനങ്ങളിലൂടെ ദൈവമെന്നെ തഴുകി ആശ്വസിപ്പിച്ചു. ആ തോളിൽ ആശ്വാസം കണ്ടെത്തിയിരുന്നു ഞാൻ.' 'ഉത്തമഗീതം' ആത്മീയാർത്ഥത്തിൽ സാക്ഷാൽ 'ഉത്തമഗീതം' തന്നെയാണ്. •



ചെയ്സ് ജോസഫ്

# ജീവപര്യന്തം മരണഭയത്തോടെ

**നാം** കഴിഞ്ഞ ലക്കത്തിൽ കണ്ടത് മരണഭയം എങ്ങനെ നമ്മെ അടിമകൾ ആക്കി മാറ്റുന്നു എന്നാണ്. നമ്മുടെ രക്ഷകനായ ക്രിസ്തുവിനു മാത്രമേ നമ്മെ മരണഭയത്തിൽ നിന്നും വിടുവിക്കാൻ കഴിയുകയുള്ളു. ജീവന്റെ അവസാന നിമിഷങ്ങൾ വരെ ഉള്ള നമ്മുടെ മരണഭയത്തിന്റെ കാരണം മരണം എന്ന യാഥാർഥ്യമാണ്. ജീവപര്യന്തം പാപത്തോടുള്ള  അടിമത്തം മരണഭയത്തിൽ നിന്നും ഉണ്ടാവുന്നതാണ്.

നാളെ മരിക്കും എന്ന് നിങ്ങൾ ഇന്നേ അറിയുകയും, ശേഷമുള്ള നിത്യതയെക്കുറിച്ചു യാതൊരു അറിവും വെളിപ്പാടായി ലഭിക്കാതിരിക്കുകയും ചെയ്താൽ, നിങ്ങളുടെ മരണാനന്തര ജീവിതം എപ്രകാരം ആയിരിക്കും എന്ന് ചിന്തിക്കുക! ഇത് ആലോചിച്ചിട്ടുണ്ടോ? എന്തെങ്കിലും സുഖം ഈ ഭൂമിയിൽ അനുഭവിക്കാൻ ബാക്കി ഉണ്ടോ എന്ന പരിശോധന ആവും ആദ്യം നടക്കുക. ഈ ആസ്വാദനം പാപത്തിന്റെ ഒരു പ്രധാന വേരാണ്. പാപം ജഡത്തിന് ആസ്വാദ്യകരമാണ്. അല്ലെങ്കിൽ ഒരിക്കലും ജഡം പാപത്താൽ വശീകരിക്കപ്പെടുകയില്ലായിരുന്നു. നമ്മുടെ ജഡത്തിന്റെ  ഒരു മോഹമാണ് പാപത്തിന്റെ ആസ്വാദനം എന്നത്. അതുകൊണ്ട് മരണഭയത്തിൽ നിന്നുള്ള വിടുതൽ ശരിക്കും നമുക്ക് പാപത്തിൽ നിന്നുള്ള വിടുതൽക്കൂടി ആണ്.

യേശുക്രിസ്തു മരണത്തെ തോൽപ്പിച്ചപ്പോൾ മരണഭയം എന്ന ശത്രുവിൽ നിന്നുള്ള വിടുതൽക്കൂടി ആയിരുന്നു അത്. അതുകൊണ്ട് യേശുക്രിസ്തു മനുഷ്യജന്മമെടുത്തത്  മരണം അനുഭവിക്കാൻ വേണ്ടി ആണ്. അങ്ങനെ നമ്മുടെ രക്ഷാനായകനായ ദൈവപുത്രൻ മരണം ആസ്വദിക്കാൻ പറ്റിയ ഒരു ശരീരവും ആയി ഈ ഭൂമിയിലേക്ക് നമ്മെ രക്ഷിക്കുവാൻ വന്നു. എബ്രായർ 2: 16 ൽ ദൂതന്മാരെ രക്ഷിക്കുവാൻ ഉള്ള ഒരു പരിശ്രമവും നാം കാണുന്നില്ല. വീണുപോയ അനേക ദൂതന്മാർ ഉണ്ടായിരുന്നു. എന്നാൽ ദൈവം അവരെ സംരക്ഷണ  ചെയ്യുന്നതായി കാണുന്നില്ല. എന്നാൽ അബ്രഹാമിന്റെ സന്തതികളെ രക്ഷിക്കുവാൻ കർത്താവ് തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തു, മരണം സ്വീകരിച്ചു എന്ന് നാം കാണുന്നു.

**ആരാണ് അബ്രഹാമിന്റെ മക്കൾ?**

അബ്രാഹാം വിശ്വാസികളുടെ പിതാവാണ്.  അബ്രഹാമിനെ  നാം കാണേണ്ടത്  ഗോത്രപിതാവായിട്ടല്ല, പിന്നെയോ  വിശ്വാസസമൂഹത്തിന്റെ പിതാവാ

യിട്ടാണ്. അങ്ങനെയാണ് അബ്രഹാമിനെ കുറിച്ചുള്ള വാഗ്ദത്തം. വെളിപ്പാട് പുസ്തകത്തിൽ നാം കാണുന്നത് ഏതെങ്കിലും ഒരു ഗോത്രം കർത്താവിന്റെ വീണ്ടെടുപ്പ് അനുഭവിക്കുന്നതായിട്ടല്ല, പിന്നെയോ ലോകത്തിലുള്ള സകലഗോത്രങ്ങളിൽ നിന്നുമുള്ളവർ രക്ഷിക്കപ്പെടുന്നതായിട്ടാണ്. അബ്രഹാം ഇവർക്കെല്ലാം പിതാവാണ്. അവരെ രക്ഷിക്കാൻ ആണ് കർത്താവു വന്നത്. എത്ര വലിയ വാഗ്ദത്തമാണ് ഇത്! ഇന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തങ്ങൾക്കു അവകാശിയും ആണ്. ഈ പുത്രത്വം ആത്മീകമായി കാണാതെ ഒരു ഗോത്ര, കുല വിഷയമായി കണ്ടത് കൊണ്ടാണ് യേശുക്രിസ്തുവിനെ തിരിച്ചറിയാൻ യിസ്രായേലിൽ വലിയ ഒരു പങ്കിനും കഴിയാതെ പോയത്.

ഈ രക്ഷ സാധിക്കുവാൻ കർത്താവു എന്താണ് ചെയ്തത്? ദൂതന്മാർ വീണു പോയപ്പോൾ കർത്താവു ചെയ്യാതിരുന്ന ഒരു കാര്യം, മനുഷ്യൻ വീണു പോയപ്പോൾ ചെയ്തു. അത് തന്നെ വലിയ ഒരു അത്ഭുതം ആണ്. മനുഷ്യർ നശിച്ചു പൊയ്ക്കോട്ടേ, ഏതായാലും പാപികൾ ആണ്, ഇനി ഇവരെ വിട്ടിട്ടു വേറെ ഒരു മനുഷ്യകുലത്തെ സൃഷ്ടിച്ചേക്കാം എന്ന് ദൈവത്തിനു വിചാരിക്കാമായിരുന്നു. ദൂതന്മാർ അപ്പോഴും അവനെ സ്തുതിക്കുമായിരുന്നു. കാരണം ദൈവത്തിന്റെ നീതി ആണ് പാപികളെ ശിക്ഷിക്കുന്നതിലൂടെ വെളിപ്പെടുന്നത്. എന്നാൽ ദൈവം തന്റെ നീതിയെ പ്രദർശിപ്പിക്കാൻ വേറെ ഒരു വഴി ആണ് തെരഞ്ഞെടുക്കുന്നത്. ഇവിടെ നീതി എന്നത് സ്നേഹത്തിന്റെയും കരുണയുടെയും പ്രദർശനമായാണ് ദൈവം കാണിച്ചു തരുന്നത്.


മനുഷ്യർ നീതിബോധം ഉള്ളവരാണ്. എന്നാൽ ഈ നീതി സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുമോ? നീതിയും സ്നേഹവും ഒരേസമയം പാപികളോട് എങ്ങനെ പ്രദർശിപ്പിക്കും? അത് മനുഷ്യനീതി കൊണ്ട് അസാധ്യമാണ്. മനുഷ്യർ സ്വാഭാവികമായി അനീതി ഉള്ളവരും നീതിബോധം ഉള്ളവർ ആയിരിക്കുമ്പോൾ തന്നെ നീതിക്കു ശത്രുക്കളും ആണ്. എങ്ങനെയാണു സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു നീതി ഈ മനുഷ്യരെ കാണിക്കുന്നത്?

ഇതാണ് ദൈവനീതിയുടെ പ്രത്യേകത. ഈ നീതി കല്ലേൽ പിളർക്കുന്ന ആജ്ഞ പോലെ ആണ്. എന്നാൽ അത് സ്നേഹം ആണ്. ഈ ദൈവ നീതി ആണ് യേശുക്രിസ്തുവിനെ നമ്മുടെ ഇടയിലേക്ക് കൊണ്ട് വന്നത്. പാപികളാൽ ഉള്ള ഉപദ്രവത്തെ സഹിച്ചു അവരെ രക്ഷിക്കുവാൻ കർത്താവു ഇറങ്ങി വന്നു. അതുകൊണ്ട് കരുണ ഉള്ള ഒരു ന്യായാധിപനായാണ് കർത്താവു നമ്മുടെ അടുത്തുവരുന്നത്. അവന്റെ കരുണ അവസാനമില്ലാത്തത് ആണ്. അത് പോലെ നീതിയും അനന്തമാണ്. കരുണയും നീതിയും അനന്തമായി വെളിപ്പെട്ടാൽ അത് എങ്ങനെയാണു കാണപ്പെടുക? എങ്ങനെയാണ് നാം അത് അനുഭവിക്കുക? ഇതാണ് ക്രിസ്തുവിലൂടെ നാം കാണുന്നത്.

എബ്രായർ 2: 17 ൽ കാണുന്ന വളരെ പ്രധാനപ്പെട്ട ഒരു വാക്കാണ് മഹാപുരോഹിതൻ എന്നുള്ളത്. യഥാർത്ഥത്തിൽ ഈ ലേഖനത്തിന്റെ പ്രധാന ഫോക്കസ് യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യം ആണ്. നമ്മെ രക്ഷിക്കാൻ ശക്തിയുള്ള മഹാപുരോഹിതൻ ആകേണ്ടതിനു കർത്താവു നമുക്ക് വേണ്ടി ബലഹീനമായ ഒരു ശരീരത്തിൽ വന്നു, നമുക്കു പകരം നമ്മുടെ പ്രതിനിധിയായി മഹാപുരോഹിതൻ ആകേണ്ടതിനു സകലത്തിലും നമുക്ക് സദൃശനായിത്തീർന്നു, എന്തിനാണ് യേശുക്രിസ്തു പരീക്ഷിക്കപ്പെട്ടത്? എബ്രായലേഖനം 4:15 പറയുന്നു: മഹാപുരോഹിതൻ നമ്മുടെ ബലഹീനതകൾ അറിയുന്നവൻ ആണ്. യഥാർത്ഥ സഹതാപത്തിൽ നിന്നാണ് അവൻ എനിക്ക് വേണ്ടി പിതാവിനോട് യാചിക്കുന്നത്. ഈ ബലഹീനതകൾ കർത്താവു അറിയുന്നത് എനിക്ക് സദൃശനായി തീർന്നത് കൊണ്ടാണ്. പക്ഷെ ഈ പരീക്ഷണങ്ങളിൽ ഒരിക്കലും പാപം ഒരു ഘടകം ആല്ല. വിശപ്പും ദാഹവും അനുഭവിക്കാനും ക്ഷീണവും ഉറക്കവും നേരിടാനും കഴിയുന്ന, മരിക്കാൻ കഴിയുന്ന ഒരു ശരീരം കർത്താവിനു ആവശ്യമായിരുന്നു. അങ്ങനെയാണ് അവൻ നമുക്ക് പകരക്കാരനായി, മഹാപുരോഹിതൻ ആയത്. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന്നു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു. (റോമർ 8: 3) പാപജഡത്തിന്റെ സാദൃശ്യം എന്നത് പലപ്പോഴും പാപജഡം ആണെന്ന് പലരും വ്യഖ്യാനിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെയല്ല. പാപജഡത്തിന്റെ സാദൃശ്യം എന്ന് പറയുന്നത്

ശേഷം പേജ് 19 ▶





അനു ഗ്രേസ് ചാക്കോ

# ഹൃദയത്തിൽ ഇടം പിടിക്കുക

**ദി**നംതോറും എത്രയെത്ര മനുഷ്യരെ നാം പരിചയപ്പെടുന്നുണ്ടാവും? അവരിൽ എത്ര പേർക്ക് നമ്മുടെ ഹൃദയത്തിൽ ഇടം കൊടുത്തിട്ടുണ്ടാകും? ചിലരുടെ അടുത്തിരുന്നു സംസാരിക്കുമ്പോൾ ഒരു പോസിറ്റീവ് എനർജി അനുഭവിക്കുവാൻ കഴിയുന്നത് എന്തുകൊണ്ടായിരിക്കും? വീണ്ടും വീണ്ടും അവരുടെ സാന്നിധ്യം അറിയാതെ ആഗ്രഹിച്ചു പോകുന്നതിന്റെ കാരണം എന്താണ്? ചിലരുടെ സാന്നിധ്യം ഒരുപാടു ഇഷ്ട്ടപ്പെടുമ്പോൾ ചിലരുടെ സാന്നിധ്യം മനസു കൊണ്ട് ഇഷ്ട്ടപ്പെടുവാൻ കഴിയാത്തതു നാം അനുഭവിക്കുന്ന ഒരു യാഥാർഥ്യമല്ലേ? അതിന്റെ അർഥം, കണ്ടുമുട്ടുന്ന എല്ലാവർക്കും മനസിലിടം ഇല്ല എന്ന് തന്നെയാണ്. നമ്മുടെ സംസാരവും പെരുമാറ്റവും അപരന് അരോചകവും നീരസവും ഉളവാക്കുന്നു എങ്കിൽ മറ്റൊരാളുടെ മനസിലിടം പിടിക്കുക എന്നത് അസാധ്യം തന്നെയാണ്.

മറ്റുള്ളവരുടെ മനസിൽ സ്ഥാനം ലഭിക്കുവാൻ എന്ത് ചെയ്യണം എന്നതിനെക്കുറിച്ചാണ് ഈ ലക്കത്തിൽ നാം ചിന്തിക്കുന്നത്. മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുവാനും അംഗീകരിക്കപ്പെടുവാനും ആഗ്രഹിക്കുന്നവരാണ് നല്ല പങ്കാളുകളും. അംഗീകാരം ലഭിക്കുവാൻ വേണ്ടിയുള്ള പല ശ്രമങ്ങളും അവരുടെ ഭാഗത്തു നിന്ന് അവർ നടത്താറുമുണ്ട്.

ചില വ്യക്തികളുടെ വേർപാട് അഥവാ മരണം നമ്മെ വളരെ അധികം വേദനിപ്പിക്കും. കാരണം അവർ ജീവിച്ചിരുന്നപ്പോൾ തങ്ങളുടെ പ്രവർത്തികൊണ്ടും പെരുമാറ്റം കൊണ്ടും നമ്മെ സ്വാധീനിച്ചിരുന്നതു കൊണ്ടാണ് അത്. നമ്മെ കരയിച്ചു കൊണ്ട് കടന്നു പോകുന്നവരാണ് അങ്ങനെയുള്ളവർ.. എന്നാൽ ചിലരുടെ മരണം നമ്മെ ഒട്ടും കരയിക്കുന്നില്ല. കാരണം അവർ ജീവിച്ചിരുന്നപ്പോൾ മറ്റുള്ളവരുമായി ഊഷ്മളമായ ബന്ധം പുലർത്തിയിരുന്നില്ല എന്നത് തന്നെ. മറ്റുള്ളവരുടെ മനസ്സിൽ ഇടം പിടിക്കുവാൻ ഉള്ള ഏറ്റവും നല്ല മാർഗ്ഗം അവരുമായി ആത്മാർത്ഥ സൗഹൃദം സ്ഥാപിക്കുക എന്നതാണ്. അതായത് നല്ല വ്യക്തിബന്ധം പുലർത്തുന്നതിൽക്കൂടി മാത്രമേ മറ്റൊരാളുടെ ഹൃദയത്തിലിടം പിടിക്കുവാൻ കഴിയൂ.

യഥാർത്ഥത്തിൽ സൗഹൃദം അഥവാ വ്യക്തിബന്ധങ്ങൾ അഭ്യസിക്കുവാൻ ആരംഭിക്കേണ്ടത് കുടുംബങ്ങളിൽ നിന്നു തന്നെയാണ്. മാതാപിതാക്കൾ സുഹൃത്തുക്കളെപ്പോലെ ജീവിക്കുന്നത് കണ്ടു വളരുന്ന കുഞ്ഞുങ്ങൾ ബന്ധത്തിന്റെ മൂല്യം തിരിച്ചറിഞ്ഞു വളരുന്നവരാണ്. മക്കളുടെ ഏറ്റവും നല്ല സുഹൃത്തുക്കൾ മാതാപിതാക്കൾ ആയിരിക്കണം. എവിടെയെങ്കിലും മാതാപിതാക്കൾക്കെതിരെ കുഞ്ഞുങ്ങൾ മുഖം തിരിക്കുന്നുണ്ടെങ്കിൽ മാതാപിതാക്കൾ അത് നിരീക്ഷിച്ച് ഗൗരവമായി അതിനെ

കാണേണ്ടതാണ്. ചില മാതാപിതാക്കൾ മക്കളുടെ പേടിസ്വപ്നമാണ്. പരസ്പരം ബന്ധങ്ങൾ സ്ഥാപിക്കുവാൻ പഠിക്കേണ്ടത് കുടുംബങ്ങളിൽ നിന്നാണെങ്കിലും അതു കുടുംബത്തിൽ മാത്രമായി ഒതുങ്ങി പോകരുത്. മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുവാൻ ചിലർക്ക് കഴിവുണ്ടെങ്കിലും ആ ബന്ധം നിലനിർത്തികൊണ്ടുപോകുവാൻ അവർക്ക് കഴിയാതെ വരുന്നുണ്ട്.

**ബന്ധങ്ങൾ സ്ഥാപിക്കുവാൻ:** നല്ല ബന്ധങ്ങൾ നിലനിർത്തുവാൻ കഴിയേണ്ടത് ജീവിത വിജയത്തിന് അനിവാര്യമാണ്. യേശുകർത്താവ് ഇതിനു ഒരുത്തമ ഉദാഹരണമാണ്. താൻ തനിക്കുള്ളവരെ ആദിമുതൽ അവസാനത്തോളം സ്നേഹിച്ചു എന്ന് തിരുവെഴുത്തു വ്യക്തമാക്കുന്നു. തന്റെ ശിഷ്യന്മാരുടെ കഴിവുകളും കഴിവുകേടുകളും മനസിലാക്കി അവരോടുള്ള തന്റെ ഊഷ്മളബന്ധം അവസാനം വരെ നിലനിറുത്തി.

**1. സമയം പങ്കിടുക: (Share time with others).**

തിരക്കുകളുടെ ലോകത്ത് നട്ടം തിരിയുന്ന പലർക്കും അവരവരുടെ കാര്യങ്ങൾക്ക് വേണ്ടി പോലും സമയം തികയുന്നില്ല എന്ന പരാതി കേട്ടുതഴമ്പിച്ച ഒരു കാര്യമാണല്ലോ. ലഭിക്കുന്ന സമയത്തിന്റെ ഒരംശം നമ്മൾ മറ്റൊരാളുടെ സങ്കടങ്ങളും സന്തോഷവും ആഗ്രഹങ്ങളും ആവശ്യങ്ങളും കേൾക്കുവാൻ മാറ്റിവെക്കുമ്പോൾ, നാം അറിഞ്ഞോ അറിയാതെയോ അയാളുടെ മനസ്സിൽ സ്ഥാനം പിടിക്കുകയും നല്ല ഒരു സൗഹാർദ്ദം ഉണ്ടാവുകയും ചെയ്യുന്നു.

**2. നല്ല കേൾവിക്കാരനാകുക: (Be a good listener).**

തങ്ങളെ കേൾക്കാൻ ആരുമില്ല എന്നതാണ് ഇന്ന് മനുഷ്യൻ നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന്. മൊബൈൽ ഫോണിലേക്ക് മാത്രം മുഖം താഴ്ത്തി സംസാരിക്കുന്ന ശൈലികൾ രൂപപ്പെടുന്ന ഇക്കാലത്ത് പരസ്പരം മുഖത്തുനോക്കി സംസാരിക്കുവാനുള്ള കഴിവ് നഷ്ടപ്പെടുന്നതൊട്ടും ആരോഗ്യപരമല്ല. നല്ല സൗഹൃദത്തിന്റെ ലക്ഷണങ്ങളിൽ ഒന്ന്, മുഖത്ത് നോക്കി സംസാരിക്കുവാനും അവരിൽ നിന്ന് കേൾക്കുവാനും മനസ്സ് കാണിക്കുക എന്നതാണ്. അതായത് മറ്റുള്ളവർക്ക് നാം നമ്മെത്തന്നെ ലഭ്യമാക്കുക. അവരോടൊപ്പം ഇരിക്കുവാൻ സമയം കണ്ടെത്തുക.

**3. കാപട്യമില്ലാതെ പെരുമാറുക (be frank)**

വളച്ചുകെട്ടില്ലാതെ പെരുമാറുന്നത് എല്ലാവരും ഇഷ്ടപ്പെടാറുണ്ട്. തുറന്നുസംസാരിക്കുന്ന വ്യക്തികൾക്ക് മറ്റുള്ളവരുടെ മനസ്സിലേക്ക് പെട്ടെന്ന് കയറിക്കൂടുവാൻ കഴിയും. എന്നാൽ ഇരട്ടവ്യക്തിത്വം പ്രകടിപ്പിക്കാൻ ശ്രമിക്കുന്നവർ വശീകരണ വാക്ക് കൊണ്ടു മുഖസ്തുതി പറഞ്ഞു ബന്ധം സ്ഥാപിച്ചാലും, അധികംനാൾ തുടർന്ന് പോകുവാൻ കഴിയില്ല. തനിക്ക് എന്തൊക്കെയോ വിശേഷതകളുണ്ടെന്നും, താൻ മറ്റുള്ളവരെക്കാൾ ഉന്നതനാണെന്ന ഭാവത്തോടെ ജീവിക്കുന്നവർക്കും, മനുഷ്യമനസ്സിൽ സ്ഥാനം ഉണ്ടാവുകയില്ല. ഇത്തരം ആളുകളുമായി ബന്ധപ്പെടുന്നവരെല്ലാം പലപ്പോഴും അവരെ പോലെ തന്നെ ജാഡയും നാട്യവും നിറഞ്ഞവരായിരിക്കുവാനാണ് സാധ്യത.

വഞ്ചനയും കാപട്യവും നിറഞ്ഞതാണ് ഈ ലോകം എന്നു പലരും കുറ്റപ്പെടുത്താറുണ്ട്. അന്ധകാരപൂരിതമായ ഈ ലോകത്തിലും ജീവിതത്തിന്റെ നിർമ്മലത കൊണ്ടും പുറംപൂച്ചുകളില്ലാതെ പച്ചമനുഷ്യനായി മറ്റുള്ളവർക്ക് മുമ്പിൽ ജീവിച്ച് കാണിക്കുന്നതിലൂടെയും മറ്റുള്ളവരുടെ മനസ്സിൽ ഇടം പിടിക്കുവാൻ കഴിയും. സ്വന്തം സൗകര്യങ്ങളും ആഗ്രഹങ്ങളും ത്യജിച്ചും, തന്നേക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠനായി കാണുവാനുള്ള മനോഭാവം സൂക്ഷിച്ചും മാത്രമേ നല്ല ബന്ധങ്ങൾ നിലനിർത്തുവാൻ സാധ്യമാകൂ. ഇങ്ങനെയുള്ളവർ മരിച്ചാലും മായാത്ത ഓർമ്മകൾ സമ്മാനിച്ച് കൊണ്ടാകും കടന്നുപോകുക.

നമ്മുടെ വ്യക്തിത്വത്തിന്റെ പാളിച്ചകൾ മനസ്സിലാക്കി തിരുത്തലുകൾ വരുത്തുവാൻ ശ്രമിക്കുന്നത് ഈ പ്രക്രിയ നമ്മിൽ നിവർത്തിയാകുവാൻ സഹായകമാണ്. വ്യക്തിത്വ വികസനത്തിനു വളരെ പ്രയോജനകരമായ ഒരു മനോഭാവം ഇങ്ങനെയാണ്: നിങ്ങളെ ആത്മാർത്ഥമായി വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന ആൾ നിങ്ങളുടെ സുഹൃത്താണെന്ന് മനസ്സിലാക്കുക. ഏതെങ്കിലും നിലയിൽ നിങ്ങളെ നശിപ്പിക്കുവാൻ വേണ്ടിയല്ല എല്ലാ മേഖലകളിലും നിങ്ങൾ ഉയർത്തപ്പെടണമെന്നുള്ള ആഗ്രഹം നിമിത്തമാണ് നിങ്ങളുടെ കുറവുകൾ അയാൾ നിങ്ങൾക്ക് കാണിച്ചു തരുന്നത്. വിമർശിക്കുന്നവരെയും തിരുത്തുന്നവരെയും തള്ളിക്കളയുന്ന സ്വഭാവം അനേകർക്കുണ്ട്. സ്വയം നന്നാകുവാനുള്ള ഒരവസരമാണ് നഷ്ടപ്പെടുത്തുന്നതെന്ന് ഇത്തരക്കാർ ഓർത്തിരിക്കണം.



**സുജ വിനു**

# എന്റെ ഗാനത്തിന്റെ കഥ...

**ചു**ട്ടുപൊള്ളുന്ന ഒരു വേനൽ നട്ടുച്ചയിൽ, വിജനവീഥിയിൽ ഏകയായവൾ, അകവും പുറവും ഒരുപോലെ വെന്തുനീറുന്നവൾ. ആരും കാണാതെ, അയറിയാതെ ഇത്തിരിവെള്ളവും എടുത്ത് വേഗം വീട് എത്തണം. അപമാനവും ആകുലഭാരവും പേറി തിടുക്കത്തിൽ നടക്കുമ്പോൾ അവൾ ആലോചനകളിൽ ആയിരുന്നു.

മുമ്പുണ്ടായിരുന്ന അഞ്ചു പേർക്കോ ഇപ്പോഴുള്ള ആറാമനോ ശമിപ്പിക്കുവാൻ കഴിയാത്ത ആത്മദാഹം. എന്താണ്, എങ്ങനെയാണ് ഈ വേദനകൾ ഒന്ന് അവസാനിക്കുക? ആരാണ് എന്നെ ഒന്ന് രക്ഷിക്കുക? ദൈവം ആരാണ്? അവിടുന്ന് എവിടെയാണ്? എത്രനാളായി ഞാൻ കരയുന്നു? തിരയുന്നു? വായിച്ചറിഞ്ഞ പുസ്തകത്താളുകളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന മശിഹ എന്നുവരും? എനിക്ക് കാണാനാവുമോ?

തകർന്ന ഹൃദയവും നുറുങ്ങിയ മനസ്സുമായി ആഴമുള്ള കിണറിനരികെ അന്വേഷണചാതുര്യത്തോടെ എത്തുമ്പോൾ, സമീപസ്ഥനായതോ ...തന്നെപ്പോലെ തന്നെ ദാഹിച്ചലയുന്ന ഒരു വഴിപോക്കൻ...ആത്മാക്കൾക്കായി ദാഹിച്ച് കാത്തുനിൽക്കുന്നവൻ. ആ കണ്ടുമുട്ടൽ അവളുടെ ജീവിതം മാറ്റി മറിക്കുന്നു. ഇന്നലെകളിൽ താൻ നടന്നുതീർത്ത അഴൽവഴികൾ അവൾ മനസ്സിലാക്കുന്നു. നിത്യജീവന്റെ ജലസ്രോതസ് അവൾക്കു മുമ്പിൽ തുറക്കപ്പെടുന്നു. മാനസാന്തരം പകർന്ന സന്തോഷത്താൽ പാത്രം കിണറ്റിങ്കൽ വച്ചിട്ട്, തന്റെ സഞ്ചാരലക്ഷ്യംമറന്ന്, അവൾ ദേശവാസികളോട് സുവിശേഷം പറയുവാനോടുന്നു.

'എന്നെപ്പറ്റി എന്റെ ജീവിതരഹസ്യങ്ങൾ എന്നോട് പറഞ്ഞവൻ, എന്നെ മനസിലാക്കിയവൻ എന്ന ജീവനുള്ള സാക്ഷ്യം, അനേകരെ നീ പറഞ്ഞതിനാലല്ല ഞങ്ങൾ കണ്ടതിനാൽ' എന്ന അനുഭവ സഫലതയിലേക്ക് എത്തിക്കുന്നു. ഒറ്റയ്ക്കൊരു സ്ത്രീയോട് അതും അനേക വീഴ്ചകളുള്ള പതിതയും ശമര്യാക്കാരിയുമായ ഒരുവളോട്, ആ യഹൂദൻ സംസാരിച്ചപ്പോൾ മാമൂൽ ബോധങ്ങൾ ഉടച്ച് വാർക്കപ്പെട്ടു. ഇരുട്ടിലെ ഗുപ്തനിധികൾ വെളിപ്പെട്ടു വന്നു, ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയുടെ മർമ്മങ്ങൾ.

യോഹന്നാൻ, തൊട്ടുമുമ്പ് പരിചയപ്പെടുത്തുന്നത് നിക്കോദേമോസിനെയാണ്. പണ്ഡിതനും ഗുരുവുമായവനെ. യേശു അയാളെ തേടിയെത്തുകയായിരുന്നില്ല, ഇരുൾമറവിൽ യേശുവിനെ കാണാൻ രഹസ്യമായി എത്തുന്നവൻ. *താൻ മശിഹാ എന്ന വെളിപ്പാട് യേശു അയാൾക്ക് നൽകിയില്ല... നിത്യജീവന്റെ ജലം അയാൾക്ക് വാഗ്ദത്തം ചെയ്തില്ല... ആത്മാരാധനയുടെ രഹസ്യങ്ങൾ പൊരുൾ തിരിച്ച് കൊടുത്തില്ല... ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്വമായ വീണ്ടുംജനനത്തെക്കുറിച്ച് അറിയാത്ത അദ്ദേഹത്തിന്റെ നിയമജ്ഞാനം ചോദ്യം ചെയ്യപ്പെടുന്നു. നിക്കോദേമോസിന്റെ മനസാകുന്ന പാത്രം ഒഴിഞ്ഞതായിരുന്നില്ല. ചീർപ്പിക്കുന്ന അറിവ്, പാരമ്പര്യ സങ്കുചിതത്വം, പദവികളുടെ ഭാരം എന്നിങ്ങനെ നിരവധി നിറവുകൾ!* സ്വയം ശൂന്യനായി വന്ന യേശുവിന്റെ മുമ്പിൽ പരിണത പ്രജ്ഞനായവന്റെ ദയനീയ പരാജയം.

പലവട്ടം മുമ്പെന്ന പോലെ, അന്നും പുകയുന്ന അഗ്നിപർവ്വതസമാനം ഏതോ ഒരു ഉൾപിടയലിന്റെ കനലടങ്ങാത്ത മധ്യാഹ്നത്തിൽ, യേശുവാകുന്ന വചനം എന്ന ആഴമുള്ള കിണറിനരി

കിലെത്തുകയായിരുന്നു. നിക്കോദേമോസിൽ നിന്നും ശമരിയക്കാരിയിലേക്കുള്ള സഞ്ചാരദൂരം കുറെയൊക്കെ താണ്ടിയും കഴിഞ്ഞിരുന്നു. അടരുകൾ അടർന്നടന്നു പോകുന്നത്, പാത്രം ശൂന്യമാകുന്നത് ഒക്കെ അറിയുന്നുണ്ടായിരുന്നു. പക്ഷേ, അന്ന്...

എനിക്കുവേണ്ടി മാത്രം ദാഹിച്ചലഞ്ഞ മനുഷ്യപുത്രന്റെ സ്നേഹത്തിന്റെ ആഴം! എന്നെ ഭയപ്പെടുത്താതെ... കുറ്റപ്പെടുത്താതെ... എന്നോട് താദാത്മ്യപ്പെടുന്ന ആ അനന്യസ്നേഹം... ശാന്തമായ മനസ്സ്... ഒരു പാട്ടു മൂളുവാൻ തുടങ്ങി. വെയിൽ ചാഞ്ഞ അപരാഹ്നം ആകുമ്പോഴേക്കും ആ പല്ലവികൾ പലവട്ടം ഞാൻ പാടിത്തീർത്തിരുന്നു. അന്ന് ഒഴുകിവന്ന ആ പാട്ടും അതിന്റെ കഥയുമാണിത്:

**എനിക്കായി ജീവൻ തന്ന സ്നേഹമേ**
**നിനക്കായി പാടുവാൻ എൻ ജീവിതം.....**
**ആരാധനാഗീതമായി കൈക്കൊള്ളണം**
**ആത്മാവിനാൽ എന്നെ നിറയ്ക്കേണമേ.....**
**നോവുകൾ മഴ പോലെ എന്നിൽ**
**പെയ്തിറങ്ങുമ്പോൾ**
**നിൻ സ്നേഹമോ പുഴ**
**പോലെയുള്ളിൽ കവിഞ്ഞിടുന്നു**
**താഴുന്നെന്ന് ഞാൻ നിലവിളിക്കുമ്പോൾ**
**വീഴാതെ എന്നെ താങ്ങുന്ന സ്നേഹം.**
**ലോകമോ അഴലെന്റെ ഹൃത്തിൽ**
**നിറച്ചിടുമ്പോൾ**
**നിൻ വചനമോ വിളക്കായ്**
**മുമ്പിൽ തെളിഞ്ഞിടുന്നു**
**ആഴത്തിൽ നിന്ന് ഞാൻ**
**കേണിടുമ്പോൾ**
**കരം പിടിച്ചെന്നും**
**ഉയർത്തുന്ന സ്നേഹം.**

•

## 15 ദൈവശക്തിയുടെ വെളിപ്പെടുത്തൽ

പാപത്തിൽ വീണു പോയ ഒരു ശരീരമല്ല. അങ്ങനെ എങ്കിൽ ആ ശരീരം കൊണ്ടു ന്യായപ്രമാണത്തിന്റെ നീതി പൂർത്തിയാക്കാൻ കഴിയുമായിരുന്നില്ല. ശാരീരിക ബലഹീനതകൾ ഉണ്ടായിരിക്കുമ്പോൾ തന്നെ പാപമില്ലാത്ത ശരീരമായിരുന്നു യേശുക്രിസ്തുവിന്റേത്. ദൈവത്തിന്റെ സർവസമ്പൂർണ്ണതയും ദേഹരൂപമായി ക്രിസ്തുവിൽ വസിച്ചു എന്നതിനാൽ തന്നെ ദൈവത്തിന്റെ പൂർണ്ണതയിൽ പാപമോ, പാപസ്വഭാവമോ ഉണ്ടാവുകയില്ല. റോമാലേഖനത്തിൽ നാം കാണുന്നത് നമ്മുടെ ശരീരത്തിന്റെ ജഡീകമായ അതായത് പാപസംബന്ധമായ ബലഹീനത കാരണം ന്യായപ്രമാണത്തിന്റെ നീതി നിറവേറാതെ പോയതിനാൽ ആണല്ലോ കർത്താവിനു മനുഷ്യജന്മമെടുക്കേണ്ടി വന്നത്. അതുകൊണ്ടു തന്നെ യേശുക്രിസ്തുവും പാപശരീരത്തിൽ വന്നാൽ എങ്ങനെ ആണ് അവനു നമ്മെ രക്ഷിക്കുവാൻ കഴിയുക?

അതുകൊണ്ട് പരീക്ഷിക്കപ്പെടാവുന്ന ഒരു ശരീരം എന്ന് പറയുന്നത് പാപം ചെയ്യാൻ പറ്റുന്ന ഒരു ശരീരം എന്നല്ല. പരീക്ഷണങ്ങൾ കർത്താവു നേരിട്ടത് ജയിക്കുമോ തോൽക്കുമോ എന്ന് നിർണയിക്കാനല്ല, പിന്നെയോ, ഒരിക്കലും തോൽക്കില്ല എന്ന് തെളിയിക്കാൻ വേണ്ടി ആയിരുന്നു, ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിവാക്കാൻ കഴിയുന്ന ഊനമില്ലാത്ത കുഞ്ഞാട്. ഇതാണ് പരീക്ഷണങ്ങളിലൂടെ തെളിയുന്നത്. ചുരുക്കത്തിൽ, യേശുക്രിസ്തുവിന്റെ പരീക്ഷണങ്ങൾ കർത്താവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷയുടെ ഭാഗമായിരുന്നു. നമ്മോടു സഹതാപം കാണിക്കാനും, നമ്മുടെ പ്രതിനിധി ആവാനും അത് അത്യാവശ്യമായിരുന്നു. •



ഷാജി ഉമ്മൻ

# പ്രാർത്ഥനയുടെ ഉദാത്തമാതൃക

യേശുവിന്റെ ശിഷ്യന്മാരെ പ്രതിനിധീകരിച്ചു അവരിലൊരാൾ യേശുവിനോട്, 'കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു (ലൂക്കോസ് 11:14). ഈ വചനം പ്രാർത്ഥനയുടെ പ്രാധാന്യം നമ്മെബോധ്യപ്പെടുത്തുന്നു.

യേശു അഞ്ചപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരത്തിലധികം പേരെ പോഷിപ്പിച്ചു, രോഗികളെ സൗഖ്യമാക്കി, മരിച്ചവരെ ഉയിർപ്പിച്ചു, അങ്ങനെ നിരവധി അത്ഭുതങ്ങൾ ചെയ്ത യേശുവിനോട്, കർത്താവേ ഞങ്ങളെ വെള്ളം വീഞ്ഞാക്കുന്നത് എങ്ങനെയെന്നോ, മരിച്ചവരെ ഉയിർപ്പിക്കുന്നത് എങ്ങനെയെന്നോ, അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിക്കുന്നത് എങ്ങനെയെന്നോ പഠിപ്പിക്കേണമെന്നു ശിഷ്യന്മാർ ഒരിക്കലും ആവശ്യപ്പെട്ടിരുന്നില്ല. മാത്രമല്ല, കർത്താവിന്റെ മാധുര്യമുള്ള വചനത്തിൽ ആകൃഷ്ടരായി മൂന്നുദിവസം ഭക്ഷണമുൾപ്പെടെ വ്യക്തിപരമായ യാതൊരു ആവശ്യങ്ങളെക്കുറിച്ചും ചിന്തിക്കാതെ പുരുഷാരം വചനം കേൾക്കണം എന്ന ഏകചിന്തയോടെ മുഴുകിയിരുന്നു. കർത്താവു തിരുവായ്മൊഴിഞ്ഞതുപോലെ തങ്ങളെയും ആകർഷകമാം വിധം പ്രസംഗിക്കാൻ പഠിപ്പിക്കേണമേ എന്നും അവർ ചിന്തിക്കുകയോ പറയുകയോ ചെയ്തതേയില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ യേശുവിനെ മാതൃകയാക്കണം എന്നു മാത്രമായിരുന്നു അവരുടെ ആഗ്രഹം.

യേശുവിന്റെ പ്രാർത്ഥന ശ്രദ്ധിച്ച ശിഷ്യന്മാർ ആഗ്രഹിച്ചത്, യേശു പ്രാർത്ഥിക്കുന്നതു പോലെ തങ്ങൾക്കും പ്രാർത്ഥിക്കാൻ പഠിക്കണം എന്നു മാത്രമായിരുന്നു. അതുകൊണ്ടാണ് യേശുവിന്റെ ശിഷ്യർ, യേശുവേ ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്നപേക്ഷിച്ചത്. കാരണം, യേശുവിന്റെ പ്രാർത്ഥനയിൽ അഭൗമികമായ പ്രത്യേകതയും തികഞ്ഞ ദൈവീകസാന്നിധ്യവും അവർ ദർശിച്ചിരുന്നു. എന്തെങ്കിലും വിഷയത്തെക്കുറിച്ച് നമുക്ക് കൂടുതലായി അറിയണമെങ്കിൽ അതിൽ പ്രാവീണ്യമുള്ള ഒരാളോട് ചോദിച്ചെങ്കിൽ മാത്രമേ ശരിയായ ഉത്തരം ലഭിക്കുകയുള്ളൂ. കുറച്ചുദിവസം യേശുവിനോടൊപ്പം നടന്ന ശിഷ്യന്മാർക്ക് പ്രാർത്ഥനയെക്കുറിച്ച് ആധികാരികമായി പറയുവാൻ ഏറ്റവും അനുയോജ്യനായ ആൾ യേശു മാത്രമാണ് എന്ന് അവർ മനസിലാക്കിയിരുന്നു.

**യേശുവിന്റെ പ്രാർത്ഥനയിൽ അഭൗമികമായ പ്രത്യേകതയും തികഞ്ഞ ദൈവീകസാന്നിധ്യവും അവർ ദർശിച്ചിരുന്നു. എന്തെങ്കിലും വിഷയത്തെക്കുറിച്ച് നമുക്ക് കൂടുതലായി അറിയണമെങ്കിൽ അതിൽ പ്രാവീണ്യമുള്ള ഒരാളോട് ചോദിച്ചെങ്കിൽ മാത്രമേ ശരിയായ ഉത്തരം ലഭിക്കുകയുള്ളൂ.**

ഒരേസമയം പൂർണദൈവവും പൂർണമനുഷ്യനുമായ യേശുകർത്താവ്,

പിതാവിനോട് പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടോ എന്ന് നമ്മുടെ മാനുഷക ബുദ്ധിയിൽ തോന്നാം. മാത്രമല്ല, ഓരോ നിമിഷവും യേശു പിതാവിന്റെ ഹിതമനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. യേശുവിന്റെ സ്വന്തം വാക്കുകളിൽ: പിതാവ് ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു (യോഹന്നാൻ 5:19) എന്നു വ്യക്തമാക്കിരിക്കുന്നു. യേശു തനിച്ച് പിതാവിനോട് പ്രാർത്ഥിച്ചിരുന്നു. ഉദാഹരണമായി, അക്കാലത്തു പ്രാർത്ഥിക്കേണ്ടതിന് യേശു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു. നേരം വെളുത്തപ്പോൾ യേശു ശിഷ്യന്മാരെ അടുക്കെ വിളിച്ചു, അവരിൽ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു (ലൂക്കോസ് 6: 12,13). ഗത്സമനത്തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥനയും ശ്രദ്ധേയമാണ്. അവിടെ യേശു മുട്ടുകുത്തിയും, കവിണ്ണുവീണും പ്രാർത്ഥിക്കുന്നതായി കാണാം.

ബലഹീനരും പാപികളും ആയ മനുഷ്യന്റെ പകരക്കാരനായി, അവർക്കു വേണ്ടിയാണ് യേശു കരയുന്നതും പ്രാർത്ഥിക്കുന്നതും. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് മനുഷ്യൻ അറിയുന്നില്ല (റോമർ 8;26). അതായതു ദൈവത്തിന് പ്രസാദകരമായ ഒരു പ്രാർത്ഥനയും നമ്മിൽ നിന്ന് ഉയരുന്നില്ല എന്നു വ്യംഗ്യം. ഒരു മഹാപുരോഹിതന്റെ സ്ഥാനത്ത് നിന്ന് യേശു അപേക്ഷയും അഭയയാചനയും കഴിക്കുന്നതായും, ഉത്തരം ലഭിക്കുന്നതായും തിരുവെഴുത്തു വ്യക്തമാക്കുന്നു(എബ്രായർ 5:7). നരകത്തെക്കുറിച്ചും, അതിലേക്കു നയിക്കുന്ന പാപത്തേക്കുറിച്ചും എത്ര ഗൗരവമായി നാം ചിന്തിക്കയും നിലവിളിച്ചു പ്രാർത്ഥിക്കയും ചെയ്യേണ്ടതാണ്. എന്നാൽ ഭൗതിക ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ഒരു ചെറിയ ശതമാനം എങ്കിലും ആത്മിക കാര്യങ്ങൾക്കായി നാം പ്രാർത്ഥിക്കാറുണ്ടോ? മാത്രമല്ല നമ്മുടെ സ്വകാര്യ പ്രാർത്ഥനയിൽ പോലും പലപ്പോഴും സ്വാർത്ഥതയും വ്യാജവും കടന്നുവരാറില്ലേ? ഭൗതിക ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കരുതെന്നല്ല ഉദ്ദേശിക്കുന്നത്. നമുക്ക് പകരക്കാരനായി വന്ന യേശുവിന്റെ പ്രാർത്ഥനയാണ് തികവുള്ളതും നീക്കുപോക്കു നൽകുന്നതും. യേശുവിനോടൊപ്പം ഉണ്ടായിരുന്നവർക്കു വേണ്ടി മാത്രമല്ല, അവരുടെ വചനത്താൽ ഭാവിയിൽ തന്നിൽ വിശ്വസിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും യേശു പ്രാർത്ഥിച്ചു (യോഹന്നാൻ 17:20). ഇക്കൂട്ടത്തിൽ നാം ഓരോരുത്തരും ഉണ്ടായിരുന്നു. അതായതു അന്ന് ജനിച്ചിട്ടുപോലുമില്ലാത്ത എന്നെയും നിങ്ങളെയും ഓർത്തു യേശു പ്രാർത്ഥിച്ച പ്രാർത്ഥന ഊനമില്ലാത്തതും തികവുള്ളതും ആയിരുന്നു എന്നർത്ഥം.

**ബലഹീനരും പാപികളും ആയ മനുഷ്യന്റെ പകരക്കാരനായി, അവർക്കു വേണ്ടിയാണ് യേശു കരയുന്നതും പ്രാർത്ഥിക്കുന്നതും. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് മനുഷ്യൻ അറിയുന്നില്ല**

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമർ 8:28). ഈ അറിവുള്ളവർ ഒരു കാര്യം മനസ്സിലാക്കണം. നമ്മെക്കുറിച്ചുള്ള ദൈവഹിതം പരിപൂർണ്ണമാണ്. അത് **പ്ലാൻ എ** ആണ്, ദൈവത്തിന് നമ്മെക്കുറിച്ച് ഒരു **പ്ലാൻ ബി** ഇല്ലേയില്ല. നമ്മുടെ ആത്മമനുഷ്യന്റെ പ്രാർത്ഥന (ഞരക്കം) മുഴുവൻ ദൈവഹിതത്തിൽ എത്തുക എന്നതിന് വേണ്ടിയാണ്. എന്നാൽ ഭൗതിക പ്രലോഭനങ്ങളുടെ സ്വാധീനത്താൽ ജഢീകമനുഷ്യൻ അവന്റേതായിട്ട് ഒരു പ്ലാൻ വെച്ച് അതിലേക്ക് ദൈവഹിതത്തെ പ്രാർത്ഥനയിലൂടെ വളച്ചെടുക്കാൻ ശ്രമിക്കുന്നു. ബിലയാമിന്റെ ഹിതത്തോടു ദൈവഹിതത്തെ ഇണച്ചു ചേർക്കുവാൻ പരിശ്രമിച്ചുകൊണ്ടുള്ള അവന്റെ പ്രാർത്ഥന ഇതിനൊരു ഉത്തമ ഉദാഹരണമാണ്. ബിലയാമിന്റെ ഈ ദുശാഠ്യത്തിന്റെ മൂലകാരണം അവനിൽ ആഴത്തിൽ വേരൂന്നിയിരുന്ന ദ്രവ്യാഗ്രഹം ആയിരുന്നു. ദൈവഹിതമല്ല എന്നു വ്യക്തമായി അറിഞ്ഞിട്ടും, അവിശ്വസനീയമാം വിധം ഉരിയാടാക്കഴുത മനുഷ്യഭാഷയിൽ സംസാരിച്ചിട്ടും (സംഖ്യ 22:30) വാളൂരിപ്പിടിച്ചു നിൽക്കുന്ന ദൈവദൂതനെ കണ്ടിട്ടും പിന്തിരിയാനാവാത്തവിധം ദ്രവ്യാഗ്രഹം അവനിൽ പിടിമുറുക്കിയിരുന്നു. അനുസരണക്കേടു കാണിച്ച അവന്റെ അന്ത്യം ഒരു വഴി നടത്തുവാൻ ദുരന്തം തന്നെയായിരുന്നു. അത് നമുക്ക് ശക്തമായ ഒരു മുന്നറിയിപ്പാണ് നൽകുന്നത്.

ഭൗതീക വിഷയങ്ങൾക്ക് വേണ്ടി പിടിച്ചുവച്ച് പ്രാർത്ഥിക്കുന്നവർ, പിശാച് പരീക്ഷിച്ചപ്പോൾ

# ബൈബിളിലെ പുസ്തക ക്രമങ്ങൾ

(വഞ്ചിപ്പാട്ടിന്റെ രീതിയിൽ)

## പഴയനിയമം

ഉല്പത്തിപ്പുസ്തകം, പുറപ്പാട്, ലേവ്യ, സംഖ്യയതും
ആവർത്തനം, യോശുവായും ന്യായാധിപരും
രൂത്തും ശമൂവേലിൻ പുസ്തകങ്ങൾ രണ്ടു ഭാഗങ്ങളും
അപ്രകാരം രാജാക്കന്മാർ ദിനവൃത്താന്തം
എസ്രാ നെഹെമ്യാവും എസ്ഥേർ, യോബും സങ്കീർത്തനങ്ങളും,
സദൃശ്യം, സഭാപ്രസംഗി, ഉത്തമഗീതം
യെശയ്യാ  യിരെമ്യാവും, വിലാപങ്ങൾ, യെഹസ്കിയേൽ
ദാനിയേൽ, ഹോശേയ, യോവേൽ, ആമോസ്, ഓബദ്യാ
യോനായും മിഖായും, നഹൂം, ഹബക്കൂക്കും സെഫാന്യവും,
ഹഗ്ഗായി, സെഖര്യാവും മലാഖി താനും
പഴയനിയമം തന്നിൽ ലിഖിതമാം പുസ്തകങ്ങൾ
മുപ്പത്തിയൊമ്പതും ഏവം സമാപ്തിയായി.

## പുതിയ നിയമം

മത്തായി മാർക്കോസ് ലൂക്കോസ് യോഹന്നാനപ്പോസ്തലരിൻ
പ്രവർത്തികൾ റോമറും കൊരിന്ത്യരിൽ രണ്ടും
ഗലാത്യർ എഫെസ്യരും ഫിലിപ്യർ കൊലൊസ്യരും പിന്നെ
രണ്ടു തെസ്സലോനിക്കരും തീമോഥെയൊസും
തീത്തോസ് ഫിലേമോനെബ്രായ  യാക്കോബിൻ  ലേഖനമതും
രണ്ടു പത്രോസ് യോഹന്നാനു  മൂന്നതാണല്ലോ
യൂദായുടെ പുസ്തകവും  യോഹന്നാനിൻ വെളിപ്പാടും
ചേർന്നാൽ ഇരുപത്തിഏഴും സമാപ്തിയായി.

**പ്രാർത്ഥനയുടെ ഉദാത്തമാതൃക**

യേശു നിരസിച്ച സ്ഥാനമാനപദവികൾ, സമ്പത്സമൃദ്ധി എന്നിവയ്ക്ക് വേണ്ടി തീവ്രമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, യേശു നിരസിച്ച കാര്യങ്ങളല്ലേ നാം ആഗ്രഹിക്കുന്നതും  ചോദിക്കുന്നതും? പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ, ചപ്പെന്നും ചവറെന്നും  എണ്ണി പിറകിലെറിഞ്ഞു കളഞ്ഞ, സമ്പത്സമൃദ്ധി എന്ന ഓമനപ്പേരിൽ നാം താലോലിക്കുന്ന, ചപ്പുചവറുകൾ അല്ലേ വിലപ്പെട്ടതെന്നു ധരിച്ചു ആഗ്രഹിച്ചു നാം പ്രാർത്ഥിക്കുന്നത്? ഇത്തരം  വിഷയങ്ങൾക്കായാണ് നാം പ്രാർത്ഥിക്കുന്നതെങ്കിൽ ഇതിൽ ദൈവം പ്രസാദിക്കുമോ? വാസ്തവത്തിൽ നമ്മെ പ്രലോഭിപ്പിക്കുന്ന പിശാചായിരിക്കയില്ലേ ഇതിങ്കൽ സന്തോഷിക്കുന്നത്. ആകയാൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ഉത്തമമായി യേശു കാണിച്ച മാതൃകയിൽ പ്രാർത്ഥിക്കുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം.

നാം സമയമെടുത്ത് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയും ഉപവാസവും എല്ലാം ദൈവത്തിന് പ്രസാദം ആയിരിക്കണമെന്നില്ല. മറിച്ച് പലപ്പോഴും ദൈവത്തിന് നീരസം ഉണ്ടാക്കുകയായിരിക്കും ചെയ്യുക. അതുകൊണ്ട് ശിഷ്യന്മാർ യേശുവിന്റെ അരികിൽ ചെന്ന് ചോദിച്ചതുപോലെ നാമും കർത്താവിനോട്: കർത്താവേ പ്രാർത്ഥിക്കേണ്ടും വണ്ണം പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ എന്നു ഹൃദയപൂർവ്വം തികഞ്ഞ ആത്മാർത്ഥതയോടെ നമുക്കും ചോദിക്കാം.





ജെസ്സി സാജു

# കൃപ ലഭിച്ചവൾ

യേശുവിന്റെ അമ്മ മറിയയെ നാം ആദ്യം കാണുന്നത് മത്തായി1:18–ൽ ആണ്. താൻ ഗർഭിണിയാകുമെന്നു ദൂതൻ പറഞ്ഞപ്പോൾ ഏതൊരു കന്യകയെയും പോലെ അവൾക്ക് ഞെട്ടൽ ഉണ്ടായി. അതുകൊണ്ടാണല്ലോ ഭയപ്പെടേണ്ട നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു, നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും, അവന് യേശു എന്ന് പേർ വിളിക്കണം എന്ന് ദൂതൻ എടുത്തു പറയുന്നത്. മറിയ ദൂതനോട് ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്ന് ചോദിച്ചു. ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ എന്നു പറഞ്ഞു സ്വയം സമർപ്പിച്ചു.

ഒരു സ്ത്രീ വിവാഹത്തിനുമുമ്പ് ഗർഭിണി ആയാൽ അവൾ അനുഭവിക്കേണ്ടി വരുന്ന അപമാനത്തിന് കയ്യും കണക്കുമില്ല. യേശുവിനെ ചുമന്നതു മുഖാന്തരം അവൾ നിന്ദിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തു. ഉരുവായ വിശുദ്ധപ്രജ പരിശുദ്ധാത്മാവിനാലാണ് എന്നത് അവൾക്കറിയാമെങ്കിലും മറ്റുള്ളവർക്ക് അറിയില്ലല്ലോ. അവൾ സ്വയം സമർപ്പിക്കുകയും ദൈവഹിതത്തിന് വിധേയപ്പെടുകയും ചെയ്തു. അപ്പോഴത്തെ അവളുടെ മാനസിക അവസ്ഥ മനസിലാക്കി സാന്ത്വനമേകുവാൻ കഴിയുന്ന ഏകവ്യക്തി അവളുടെ ചാർച്ചക്കാരി എലീശബെത്ത് മാത്രമായിരുന്നു. അതിനാലാണ് മറിയ ബഹുദൂരം യാത്ര ചെയ്തു യഹൂദമലനാട്ടിലെത്തിയത്.

യേശുവിന്റെ പാത തിരഞ്ഞെടുക്കുന്നത് മുഖാന്തരം മറ്റുള്ളവരാൽ അപമാനിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യും. തെരഞ്ഞെടുത്ത പാതയുടെ മാഹാത്മ്യവും അനുഗ്രഹവും യേശുവിനെ ഉൾക്കൊള്ളാത്തവർക്ക് മനസ്സിലാകണമെന്നില്ല. സത്യത്തിന്റെ പാത അപമാനത്തിന്റെയും ഒറ്റപ്പെടലിന്റെയും പാതയെങ്കിലും നിത്യതയിൽ മാത്രമേ നാം എടുത്ത തീരുമാനത്തിന്റെ മഹത്വം മനസ്സിലാകയുള്ളൂ.

യേശുവിന്റെ ജനനവിവരം ദൂതന്മാരിലൂടെ ഇടയന്മാർ അറിയുന്നു. ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. ദൂതൻ പറഞ്ഞതനുസരിച്ച് ഇടയന്മാർ ബെത്‌ലഹേമിൽ വന്നു, മറിയയെയും യോസഫിനെയും യേശുവിനെയും കണ്ടു. യേശുവിനെക്കുറിച്ചു ദൂതൻ പറഞ്ഞതെല്ലാം ഇടയന്മാരവരെ അറിയിച്ചു. മറിയ ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ചു കൊണ്ടിരുന്നു. നമ്മുടെ മക്കളെക്കുറിച്ചുള്ള ദൈവത്തിന്റെ ആലോചന നാമും ഹൃദയത്തിൽ സംഗ്രഹിക്കണം.

യേശുവിന് വെറും 8 ദിവസം മാത്രം പ്രായമുള്ളപ്പോൾ പരിച്ഛേദനയ്ക്കായി യെരുശലേം ദൈവാലയത്തിലേക്ക് പോയി. ഏറ്റവും എളിയവരും പാവങ്ങളുമായവർ അർപ്പിക്കുന്ന യാഗമാണ് കുറുപ്രാവിന്റെ യാഗം. തന്റെ പിറവിക്കു വേണ്ടി യേശു തിരഞ്ഞെടുത്തത് ഒരു ദരിദ്രകുടുംബം ആയിരുന്നു. എളിയ അവസ്ഥയിൽ മറിയയും യോസേഫും സംതൃപ്തരായിരുന്നു.

യേശുവിന്റെ ജനനശേഷം അന്നത്തെ രാജാവായിരുന്ന ഹെരോദാവ് ശിശുവിനെ നശിപ്പിക്കാൻ

ഭാവിച്ചു. കഠിനമായ പ്രതികൂല സാഹചര്യത്തിലും പിഞ്ചുകുഞ്ഞിനെയും കൊണ്ട് രാത്രി സമയത്ത് ഓടാനും യാത്ര ചെയ്യാനും അവൾ തയ്യാറായി. പ്രസവശേഷം വിശ്രമിക്കണം എന്നതു അത്യാവശ്യമായ കാര്യമെങ്കിലും അത് വകവെയ്ക്കാതെ കർത്താവ് പറഞ്ഞത് അനുസരിച്ച് ദീർഘദൂര യാത്രയ്ക്ക് അവൾ തയ്യാറായി. ഹെരോദാവിന്റെ മരണശേഷം മടങ്ങിവന്നു നസ്രേത്തിൽ പാർത്തു. വാഹനസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലമായിരുന്നു അത്. എങ്കിലും യാതൊരു പിറുപിറുപ്പും കൂടാതെ അവൾ ഭർത്താവിനോടൊപ്പം യാത്ര ചെയ്തു. മറിയയുടെ സ്ഥിരോത്സാഹമാണ് ഇവിടെ നാം കാണുന്നത്.

നമ്മുടെ മക്കളെക്കുറിച്ചുള്ള ദൈവികപദ്ധതി നിറവേറുന്നത് കാണണമെങ്കിൽ മറിയ ദൈവാലോചന ഹൃദയത്തിൽ സംഗ്രഹിച്ചതുപോലെ നാമും നമ്മുടെ മക്കളെ പറ്റിയുള്ള ദൈവഹിതം ഹൃദയത്തിൽ സംഗ്രഹിക്കണം. നാം നമ്മുടെ മക്കളെ കുറിച്ച് വലിയ സ്വപ്നങ്ങൾ നെയ്തു കൂട്ടാറുണ്ട്. ദൈവഭക്തരായ മാതാപിതാക്കൾ ചിന്തിക്കേണ്ടത് അവരുടെ മക്കളെ കുറിച്ചുള്ള ദൈവ ഇഷ്ടം നിറവേറണം എന്നതായിരിക്കണം. അവർ ലോകത്തിൽ ആരായിത്തീരണം എന്നതിനേക്കാളുപരി അവർ ദൈവരാജ്യത്തിൽ ആരായിത്തീരണം, ദൈവത്തിന് അവരെ കുറിച്ചുള്ള പദ്ധതി എന്തായിരിക്കുമെന്നു ചിന്തിക്കണം. പൂർണമായും ദൈവപദ്ധതിക്ക് മക്കളെ സമർപ്പിക്കണം, വിമുഖരായിരിക്കരുത്. അവർ പോകട്ടെ. ദൈവഹിതം ചെയ്തു ദൈവരാജ്യത്തിൽ വലിയവരായിത്തീരട്ടെ. സുവിശേഷവേല ചെയ്യുന്ന വ്യക്തികളെ അവർ മക്കളായാലും ഭർത്താവായാലും പിന്തിരിപ്പിക്കുകയോ തടസപ്പെടുത്തുകയോ ചെയ്യരുത്.

യേശു, ആദ്യമായി ചെയ്തതു കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ അടയാളം ആണല്ലോ. യഹൂദാപശ്ചാത്തലത്തിൽ വിവാഹത്തിന് സദ്യ വിളമ്പുന്നതിന് മുമ്പ് വീഞ്ഞ് വിളമ്പുക സാധാരണമാണ്. അതവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. വിവാഹത്തിൽ വീഞ്ഞ് തീർന്നു പോയ കാര്യം മറിയയാണ് മനസ്സിലാക്കുന്നത്. ആ വീട്ടിലെ ഒരംഗം എന്നപോലെ ഉത്തരവാദിത്തത്തോടെയാണ് മറിയ പെരുമാറിയത്. മറിയ കലവറയിലേക്ക് ഒരു നിരീക്ഷണം നടത്തുന്നു. ഏത് വീട്ടിൽ ചെന്നാലും പുരുഷന്മാർ വീടിന്റെ സ്വീകരണമുറിയിലിരുന്നു സംസാരിക്കുമ്പോൾ സ്ത്രീകൾ അടുക്കളയിലേക്ക് ഒന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും. മറിയയാണ് ആ സന്ദർഭത്തിൽ വീഞ്ഞിന്റെ കുറവ് കണ്ടെത്തിയത്. അവർ അത് യേശുവിനോട് വന്നു പറയുകയാണ്. യേശു അത്ഭുതം ചെയ്തു എങ്കിലും ആ വീട്ടിലെ വീഞ്ഞിന്റെ കുറവ് കണ്ടെത്തിയത് മറിയയായിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ വീടിന്റെ വാടക കൊടുക്കാനോ മക്കളുടെ ഫീസ് കൊടുക്കാനോ മറ്റത്യാവശ്യ കാര്യങ്ങൾ നടത്തുവാനോ പണമില്ലാതെയും വകയില്ലാതെയും ഭാരപ്പെടുന്ന വീട്ടമ്മമാരെ കണ്ടെത്താനും, അവരെ പ്രാപ്തി പോലെ സഹായിക്കുവാനും നാം തയ്യാറാകണം. ഭർത്താവിനോടോ ഉദ്യോഗമുള്ള മക്കളോടോ ഈ വിവരം പറയുകയും അവരുടെ പ്രതിസന്ധിയിൽ നിന്ന് അവരെ കരകയറ്റാൻ തയ്യാറാവുകയും ചെയ്യണം. മറ്റുള്ളവരുടെ അവസ്ഥ മനസ്സിലാക്കി അവർക്കു വേണ്ടി ഹൃദ്യമായി പ്രാർത്ഥിക്കുകയും വേണം.

ഒരിക്കൽ യേശുവിന്റെ ശുശ്രൂഷയ്ക്കിടയിൽ തന്റെ മകനെ കാണാനുള്ള ആഗ്രഹത്തിൽ മറിയ വന്നപ്പോൾ യേശു പറയുന്ന വാക്ക്, എന്റെ ഇഷ്ടം ചെയ്യുന്നവരത്രേ എന്റെ അമ്മയും സഹോദരങ്ങളും എന്നാണ്. ക്രൂശിൽ പ്രാണവേദനയാൽ പിടയുമ്പോൾ യേശു തന്റെ അമ്മയായ മറിയയെ കാണുന്നു. അപ്പോൾ യേശു യോഹന്നാനോട് പറയുകയാണ്: ഇതാ നിന്റെ അമ്മ, അമ്മയോട് പറയുകയാണ് ഇതാ നിന്റെ മകൻ. ആരുമില്ലാത്ത ധാരാളം അമ്മമാർ നമുക്ക് ചുറ്റും ഉള്ളപ്പോൾ അവരെ സ്വന്തം അമ്മമാരെ പോലെ കാണുവാൻ നാം ഓരോരുത്തരും കടപ്പെട്ടവരാണ്.

യേശുവിന്റെ ശിഷ്യന്മാർ ഒത്തൊരുമിച്ച് പരിശുദ്ധാത്മാവിന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ മർക്കോസിന്റെ മാളികമുറിയിൽ മറിയയും പ്രാർത്ഥനയിൽ സംബന്ധിച്ചു. യേശുവിന്റെ അമ്മ ആയിട്ട് പോലും തനിക്കും പരിശുദ്ധാത്മാവിനെ ആവശ്യമെന്ന് അവർ തിരിച്ചറിഞ്ഞു. മറ്റു സ്ത്രീകളെപ്പോലെ താനും ഒരു സാധാരണ സ്ത്രീയാണെന്നും തനിക്കും പരിശുദ്ധാത്മാവിനെ ആവശ്യമാണെന്നുള്ള തിരിച്ചറിവും അവരുടെ ആത്മീയദാഹത്തിന്റെ ഉദാഹരണമാണ്. മറിയ നമുക്ക് തരുന്ന പാഠങ്ങൾ നിരവധിയാണ്. വിനയമുള്ള, വിധേയത്വമുള്ള, കരുണയുള്ള, യാതൊരു സ്വാർത്ഥതയും ഇല്ലാതെ മറ്റുള്ളവരെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന മാതൃകാവനിതയാണ് മറിയ. നമുക്കും അവരുടെ നല്ല മാതൃക അനുകരിക്കാം ●



മത്തായിയുടെ
സുവിശേഷത്തിലെ
ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# നിത്യജീവനും അനുസരണവും

***അനന്തരം ഒരുത്തൻ വന്ന് അവനോടു: ഗുരോ, നിത്യജീവനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം എന്നു ചോദിച്ചതിന് അവൻ: എന്നോടു നന്മയെക്കുറിച്ചു ചോദിക്കുന്നത് എന്ത്? നല്ലവൻ ഒരുത്തനേ ഉള്ളൂ. ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ കല്പനകളെ പ്രമാണിക്ക എന്ന് അവനോടു പറഞ്ഞു. ഏവ എന്ന് അവൻ ചോദിച്ചതിന് യേശു: കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്; അപ്പനെയും അമ്മയെയും ബഹുമാനിക്ക; കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്ക എന്നിവ തന്നെ എന്നു പറഞ്ഞു. യൗവനക്കാരൻ അവനോട്: ഇവയൊക്കെയും ഞാൻ പ്രമാണിച്ചുപോരുന്നു; ഇനി കുറവുള്ളത് എന്ത് എന്നു പറഞ്ഞു. യേശു അവനോട്: സൽഗുണപൂർണൻ ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക; എന്നാൽ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക എന്നു പറഞ്ഞു. യൗവനക്കാരൻ വളരെ സമ്പത്തുള്ളവനാകയാൽ ഈ വചനം കേട്ടിട്ടു ദു:ഖിച്ചു പൊയ്ക്കളഞ്ഞു (മത്തായി 19:16–22).***

യേശുകർത്താവിന്റെ അടുക്കൽ വന്ന ധനവാനായ യൗവനക്കാരന്റെ ചോദ്യം ശ്രദ്ധേയമാണ്. 'നിത്യജീവനെ പ്രാപിപ്പാൻ ഞാൻ എന്ത് നന്മ ചെയ്യണം' എന്നതാണ് ചോദ്യം. ഈ മനുഷ്യന്റെ അന്വേഷണം നല്ലതായിരുന്നു. മനുഷ്യരുടെ നോട്ടത്തിൽ അദ്ദേഹം ഒരു ആത്മീയനായിരുന്നു എന്നതിൽ സംശയമില്ല. നിത്യജീവൻ പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന ഒരു സത്യാന്വേഷകൻ എന്ന് പറയാം. അന്വേഷിച്ചു എത്തിയത് ശരിയായ വ്യക്തിയുടെ അടുക്കലും ആയിരുന്നു. എന്നാൽ നിത്യജീവൻ എങ്ങനെ പ്രാപിക്കാം എന്ന് താൻ മനസ്സിലാക്കിയതിൽ തെറ്റുണ്ടായിരുന്നു, അതുകൊണ്ട് ചോദ്യത്തിലും പിഴവുണ്ടായിരുന്നു. എന്തെങ്കിലും നന്മ ചെയ്ത് നിത്യജീവൻ പ്രാപിക്കാം എന്ന ചിന്ത ഭോഷത്വമാണ്. ഇങ്ങനെ ഒരു ചിന്ത മനുഷ്യരിൽ എക്കാലത്തും നിലനിൽക്കുന്നുണ്ട്. ഈ യൗവനക്കാരനും അങ്ങനെയാണല്ലോ ചിന്തിച്ചിരുന്നത്. 'നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലും ഇല്ല' (സങ്കീർത്തനം 53:3) എന്നതാണ് യാഥാർത്ഥ്യം. കർത്താവ് ആദ്യം യൗവനക്കാരനെ തിരുത്തുന്നതായി കാണുന്നു. 'എന്നോട് നന്മയെ കുറിച്ച് ചോദിക്കുന്നത് എന്ത്? നല്ലവൻ ഒരുത്തനെ ഉള്ളൂ'. യേശു പറഞ്ഞതിന്റെ അർഥം: നല്ലവന് മാത്രമേ നന്മ ചെയ്യുവാൻ കഴിയുകയുള്ളൂ. ഒരു നല്ല പ്രവർത്തി ചെയ്തതുകൊണ്ട് മാത്രം ഒരുവൻ നല്ലവൻ ആകുന്നില്ല, പ്രത്യുത, നല്ലവൻ നല്ലതു മാത്രമേ എപ്പോഴും ചെയ്യുകയുള്ളൂ. നല്ലവൻ ഒരുത്തനെ ഉള്ളൂ. അത് ദൈവം മാത്രമാണ്. അതാണ് യേശുവിന്റെ വാക്കുകൾ വ്യക്തമാക്കുന്നത്.

നിത്യജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ കൽപ്പനകൾ പ്രമാണിക്ക എന്നാണ് കർത്താവ് യൗവനക്കാരന് നൽകുന്ന മറുപടി. കൽപ്പന പ്രമാണിക്കുക എന്നാൽ 'അനുസരണം' ആണല്ലോ. ദൈവത്തോട് അനുസരണക്കേട് കാണിച്ചതാണല്ലോ മനുഷ്യന്റെ പരാജയം. ജീവനിലേക്കുള്ള മാർഗ്ഗം അനുസരണം മാത്രമാണ്. ആദം എന്ന ഏകന്റെ അനുസരണക്കേടി

നുള്ള പരിഹാരം യേശുക്രിസ്തു എന്ന ഏകന്റെ അനുസരണം ആണ്. 'ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്ന തുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും'(റോമർ5:19).

ആദമിന്റെ ലംഘനം ആദമിനു തിരുത്തുവാൻ കഴിയില്ലായിരുന്നു. ലംഘനം ചെയ്തപ്പോൾ അതിന് പ്രായശ്ചിത്തമായി മനുഷ്യകുലത്തിനു നൽകിയ മുഴുവൻ ശിക്ഷയും ഏറ്റെടുത്ത് പരിഹാരം വരുത്തുവാൻ ഉള്ള പിതാവിന്റെ ഇഷ്ടം നിവർത്തിച്ച പുത്രന്റെ അനുസരണമാണ് നമ്മുടെ രക്ഷയ്ക്ക് ഹേതുവായത്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നാം അനുസരണത്തിന്റെ പാതയിലേക്ക് ആണ് മടങ്ങിവന്നിരിക്കുന്നത്. അതുകൊണ്ട് 'എന്നോട് കർത്താവേ കർത്താവേ എന്ന് പറയുന്നവൻ ഏവനും അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്' (മത്തായി 7:21) എന്ന പ്രബോധനം കർത്താവ് നൽകിയിരിക്കുന്നത് ഗൗരവമായി കാണണം. രക്ഷ ക്രിസ്തുവിൽ കൂടി നമുക്ക് സൗജന്യമായി ലഭിക്കുന്നു. എന്നാൽ ആ രക്ഷയിൽ നാം നിലനിൽക്കുന്നത് യേശുവിന്റെ കർതൃത്വത്തിന് വിധേയപ്പെടുന്ന അവിടുത്തോടുള്ള അനുസരണത്താൽ ആണ്. ക്രിസ്തുവിൽ ഉള്ള വിശ്വാസത്തിൽ അനുസരണവും അടങ്ങിയിരിക്കുന്നു.

കൽപ്പനകൾ പ്രമാണിക്കുക എന്നു കർത്താവ് പറഞ്ഞപ്പോൾ, ഏവ എന്നു യൗവനക്കാരൻ ചോദിച്ചു. അതിനു മറുപടിയായി 10 കൽപ്പനകളിലെ അവസാനത്തെ ആറ് കൽപ്പനകൾ ആണ് കർത്താവ് പറഞ്ഞത്. അതായത്, 'കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്. മോഷ്ടിക്കരുത്. കള്ളസാക്ഷ്യം പറയരുത്. അപ്പനെയും അമ്മയെയും ബഹുമാനിക്ക. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക' തുടങ്ങിയവ. ഈ കൽപ്പനകളെല്ലാം കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നതിൽ അടങ്ങിയിരിക്കുന്നു. എന്നാൽ 10 കൽപ്പനകളിലെ ആദ്യത്തെ നാല് കൽപ്പനകൾ യേശു പറഞ്ഞില്ല എന്നത് നാം ശ്രദ്ധിക്കണം. ആ നാല് കൽപ്പനകളുടെ അന്തഃസത്തയാണ് 'നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക' എന്നത്.

കർത്താവ് പറഞ്ഞ ആറ് കൽപ്പനകളും ഈ യൗവനക്കാരൻ ചെറുപ്പം മുതൽ തന്നെ അനുസരിച്ച് പോരുന്നു എന്നാണ് കർത്താവിനോട് അയാൾ പറഞ്ഞത്. ഈ മനുഷ്യൻ 'സ്വയനീതി' യിൽ ആശ്രയിക്കുന്ന മനോഭാവക്കാരനായിരുന്നു എന്ന് ഇത് തെളിയിക്കുന്നു. താൻ തനിക്കുതന്നെ 100% മാർക്ക് കൊടുത്തിരിക്കുകയാണ്. എന്നാൽ നിത്യജീവൻ തനിക്ക് ലഭിച്ചിട്ടില്ല, ലഭിക്കില്ല എന്ന ബോധ്യം ഹൃദയത്തിൽ ഉണ്ട് താനും. ഇനി എന്താണ് നന്മ ചെയ്യാൻ ബാക്കിയുള്ളത് എന്ന ആശയക്കുഴപ്പമാണ് ഇപ്പോൾ അദ്ദേഹത്തിനുള്ള പ്രശ്നം. ഈ മനോഭാവക്കാർ അനേകരാണ്. സമൂഹത്തിൽ അവർ സൽസ്വഭാവികളും മാന്യന്മാരും ആണ്, എന്നാൽ ദൈവരാജ്യത്തിന് അന്യരും!

കർത്താവ് സ്നേഹസമ്പന്നനാണ്. യേശു 'അവനെ നോക്കി, അവനെ സ്നേഹിച്ചു' (മർക്കോസ് 10:21). അവനു മനസ്സിലാകുന്ന ഭാഷയിൽ തന്നെ കർത്താവ് അവനോട് പറഞ്ഞു: 'സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്ക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും, പിന്നെ വന്നു എന്നെ അനുഗമിക്കുക'. ചെറുപ്പം മുതൽ കൽപ്പനകൾ പ്രമാണിച്ച് വരുന്നു എന്നു വിശ്വസിക്കുന്ന ഈ യൗവനക്കാരൻ സൽസ്വഭാവിയാണ്. സൽഗുണപൂർണനാകുവാനാണ് അവൻ ആഗ്രഹിക്കുന്നത്. വാസ്തവമായി സൽഗുണപൂർണൻ (Perfect)ആകുവാൻ ഇച്ഛിക്കുന്നുവോ എന്നതാണ് അവനോടുള്ള ചോദ്യം. നിത്യജീവൻ പ്രാപിക്കുന്നതിനുള്ള യോഗ്യതയായി കർത്താവ് പറയുന്നത്, എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തിട്ട് യേശുവിനെ അനുഗമിക്കുക എന്നതാണ്.യേശു നടക്കുന്ന അതേ പാതയിൽ തന്നോടൊപ്പം വരുവാനാണ് കർത്താവ് അവനെ ഉപദേശിച്ചത്.

10 കൽപ്പനയിലെ ആദ്യത്തെ നാല് കൽപ്പനകൾ യഹോവയായ ദൈവം അല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത്, വിഗ്രഹം ഉണ്ടാക്കുകയോ ആരാധിക്കുകയോ അരുത്, കർത്താവിന്റെ നാമം വൃഥാ എടുക്കരുത്, ശബത്നാളിനെ ശുദ്ധീകരിക്കുവാൻ ഓർക്കുക എന്നിവയാണ്. നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം (ആവർത്തനം 6:5) എന്നതിൽ ഇവയെല്ലാം ഉൾപ്പെടുന്നു. വലിയതും ആദ്യത്തെതുമായ ഈ കൽപ്പന കർത്താവ് യൗവനക്കാരനോട് പറഞ്ഞില്ല. എന്നാൽ അത് മറ്റൊരു വിധത്തിൽ പറയുകയായിരുന്നു എന്ന് ഞാൻ

ചിന്തിക്കുന്നു. 'നീ ചെന്ന് നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക' എന്ന് കർത്താവ് പറഞ്ഞത് ആ മനുഷ്യന് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. കാരണം ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണശക്തിയോടും സ്നേഹിക്കുവാൻ കഴിയുന്നില്ല എന്നത് തന്നെ. മാത്രവുമല്ല 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക' എന്ന കൽപ്പനയും ആ മനുഷ്യന് പാലിക്കുവാൻ വാസ്തവത്തിൽ കഴിഞ്ഞിരുന്നില്ല എന്നതുകൂടി ഇവിടെ തെളിഞ്ഞു. തനിക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുന്നത് ആ മനുഷ്യനു ചിന്തിക്കുവാൻ പോലും സാധ്യമല്ലായിരുന്നു. ആ യൗവനക്കാരന് സമ്പത്ത്, എല്ലാം എല്ലാമായിരുന്നു. ദൈവവും ദൈവത്തോട് കൂടിയുള്ള നിത്യവാസവും ഒക്കെ സമ്പത്തിന് താഴെ മാത്രമേ അദ്ദേഹം കണ്ടിരുന്നുള്ളൂ. ഒരുപക്ഷേ ഇത് ബോധപൂർവ്വം അല്ല എന്നിരിക്കാം. ദ്രവ്യാഗ്രഹം അത്രമാത്രം തലയ്ക്കു പിടിച്ചുപോയി. ഇന്നും അനേകർക്ക് സംഭവിക്കുന്ന അപകടം ആണ് ഇത്. ഇത്രമാത്രം അപകടം ഉള്ളതിനാൽ ദ്രവ്യാഗ്രഹം വിട്ടോടുവാൻ വചനം നമ്മെ പ്രബോധിപ്പിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രഹാം നമുക്ക് നല്ല ഒരു മാതൃകയാണ്. ദൈവത്തിൽ വിശ്വസിച്ച അബ്രഹാം സകലത്തിലും ദൈവത്തെ അനുസരിച്ചിരുന്നു. ചാർച്ചക്കാരെയും പിതൃഭവനത്തെയും ദേശത്തെയും ഒക്കെ വിട്ടുപോകുവാൻ ദൈവം അബ്രഹാമിനോട് കൽപ്പിക്കുമ്പോൾ അബ്രഹാം ദൈവത്തെ അനുസരിച്ചു. ലോത്തുമായി വേർപിരിയുമ്പോഴും അബ്രഹാം നമുക്കു മാതൃകയാണ്. അബ്രഹാമിന്റെ നോട്ടം സമ്പത്തിൽ അല്ലായിരുന്നു. എന്നാൽ ദൈവം അബ്രഹാമിന് സമ്പത്ത് നൽകി അനുഗ്രഹിച്ചു എന്നത് വാസ്തവം. വാഗ്ദത്തസന്തതിയായ ഇസഹാക്കിനെ യാഗം കഴിക്കുവാൻ ദൈവം അബ്രഹാമിനോട് കൽപ്പിക്കുമ്പോഴും പൂർണ്ണമായി അനുസരിച്ചു. യേശുവിനോട് സംസാരിച്ച യൗവനക്കാരന് ദൈവത്തിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു എങ്കിൽ, തന്റെ പിതാവായ അബ്രഹാം അനുസരിച്ചത് പോലെ ദൈവത്തെ വിശ്വസിക്കുവാനും അനുസരിക്കുവാനും തയ്യാറാകുമായിരുന്നു. ഈ വചനത്തിനു മുമ്പിൽ നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ടിയിരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസവും അനുസരണവും ഒത്തുപോകുന്നുണ്ടോ? പൂർണ്ണഹൃദയത്തോടും പൂർണമനസ്സോടും പൂർണ്ണശക്തിയോടും ദൈവത്തെ സ്നേഹിക്കുവാൻ നാം പ്രാപ്തരാകേണ്ടതിന് ദൈവസ്നേഹം നമ്മിൽ അത്രമാത്രം നിറയുന്നുണ്ടോ? നമ്മുടെ കുറവുകളെ തിരിച്ചറിഞ്ഞ് ദൈവസന്നിധിയിൽ നമുക്ക് നിലവിളിക്കാം.

ദ്രവ്യാഗ്രഹത്തിന്റെ തടവറയിലേക്ക് തന്നെത്തന്നെ വിട്ടുകൊടുത്ത ആ യൗവനക്കാരൻ യേശുവിനെ അനുഗമിക്കുവാൻ മനസ്സില്ലാതെ ദു:ഖിതനായി മടങ്ങിപ്പോയി. യേശുവിനെ അനുഗമിക്കുന്നതിന് തടസ്സമായ അവന്റെ സമ്പത്ത് ഉപേക്ഷിക്കുകയല്ലാതെ യേശുവിനെ അനുഗമിക്കുന്നതിന് മറ്റു മാർഗ്ഗം ഒന്നുമില്ലായിരുന്നു. എല്ലാം വിട്ടുപിരിയുന്നവന് മാത്രമേ തന്നെ അനുഗമിക്കുവാൻ കഴിയൂ എന്നു കർത്താവ് വളരെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ഏറിയ പുരുഷാരം അവനോടുകൂടെപോകുമ്പോൾ അവൻ തിരിഞ്ഞ് അവരോട് പറഞ്ഞത്: എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയുംകൂടെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല... തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല (ലൂക്കോസ് 14:25-33).

കർത്താവിനെ അനുഗമിക്കുന്നതിന് യാതൊരു കുറുക്കുവഴിയും ഇല്ല. കർത്താവ് കൽപ്പിച്ചതനുസരിച്ച് സമ്പത്ത് വിറ്റ് ദരിദ്രർക്ക് കൊടുത്താൽ അത് ഭോഷത്വമല്ല. പ്രത്യുത, ബുദ്ധിയാണ്. കാരണം സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന നിക്ഷേപം ഉണ്ടാകും. കർത്താവിനെ അനുസരിക്കുന്നത് ആർക്കും നഷ്ടം അല്ല. നിത്യതയിൽ അതിന്റെ പ്രതിഫലം പ്രാപിക്കും. ഇവിടെ നഷ്ടങ്ങൾ താൽക്കാലികവും നേട്ടം നിത്യവും ആണ്.

നല്ല ആഗ്രഹമുണ്ടായിരുന്ന യൗവനക്കാരൻ ദു:ഖിതനായി മടങ്ങിപ്പോയി, ദു:ഖിതനായി ജീവിച്ചതു പോലെ ഇന്നും കർത്താവിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള നല്ല ആഗ്രഹങ്ങൾ സൂക്ഷിച്ചുകൊണ്ട് അനേകർ യഥാർത്ഥ സന്തോഷം കണ്ടെത്തുവാൻ കഴിയാതെ ദു:ഖിതരും നിരാശരുമായി ജീവിക്കുന്നു. കാരണം അവരുടെ മേൽ പിടിമുറുക്കിയിരിക്കുന്ന ദ്രവ്യാഗ്രഹം തന്നെ. ഭൗതികവിഷയങ്ങളിൽ അനേകർ കുടുങ്ങിക്കിടക്കുന്നു. കർത്താവിനെ അനുസരിച്ച് അനുഗമിക്കുവാൻ ധീരമായ തീരുമാനം എടുക്കുന്നതു മാത്രമാണ് പരിഹാരം! ■

അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും (മത്തായി 7:2).

എന്നാൽ ''വിധിക്കരുത്'' എന്നതിനർഥം കണ്ണടച്ചു ജീവിക്കണമെന്നല്ല. "നമ്മൾ ആരെയും നന്നാക്കാൻ നോക്കണ്ട, നമ്മളങ്ങു ജീവിച്ചാൽ മതി" എന്നു ചിലർ പറയുന്നതു കേൾക്കാറുണ്ട്. നമ്മൾ "എല്ലാവരെയും" നന്നാക്കാൻ നോക്കണ്ട എന്നതു ശരിയാണെങ്കിലും, നമ്മൾ "ആരെയും" നന്നാക്കാൻ നോക്കണ്ട എന്നു പറയുന്നത് ശരിയല്ല. ശരിക്കും പറഞ്ഞാൽ കർത്താവ് ഇവിടെ ആവശ്യപ്പെടുന്നത്, നാം "സഹോദരന്റെ കണ്ണിലെ കരട്'' എടുക്കുന്നവർ ആയിരിക്കണം എന്നുതന്നെയാണ്. എന്നാൽ സഹോദരന്റെ കണ്ണിലെ കരട് എടുക്കണമെങ്കിൽ എന്റെ കണ്ണിൽ കോൽ ഇരിക്കാൻ പാടില്ല.

**കണ്ണിലെ കരടെടുക്കാൻ ആരും അന്ധന്മാരെ ചുമതല യേൽപ്പിക്കുകയില്ലല്ലോ. സഹോദരന്റെ കണ്ണിലെ കരടെടുക്കണമെങ്കിൽ എന്റെ കണ്ണിൽ ഒരു പൊടിപോലും ഉണ്ടായിക്കൂടാ.**

എന്റെ മുൻഗണന സഹോദരന്റെ കണ്ണിലെ കരടല്ല; പ്രത്യുത, എന്റെ കണ്ണിലെ കോലുതന്നെയാണ്. രാമകൃഷ്ണപരമഹംസരുടെ അടുത്ത് ഒരു സ്ത്രീ മകനുമായി വന്നു: "ഗുരോ, ഇവന് ഇടയ്ക്കിടയ്ക്ക് ചക്കര തിന്നുന്ന ഒരു ദുഃശീലമുണ്ട്, ഇവനെയൊന്ന് ഉപദേശിക്കണം" എന്നു പറഞ്ഞു. "അടുത്ത ആഴ്ച വരൂ" എന്ന് പരമഹംസർ മറുപടി പറഞ്ഞു. അടുത്തയാഴ്ച സ്ത്രീ വീണ്ടും മകനുമായി വന്നു. പരമഹംസർ കുട്ടിയെ അടുത്തുവിളിച്ചു പറഞ്ഞു: "മോനേ, ഇടയ്ക്കിടയ്ക്ക് ചക്കര തിന്നുന്നത് ഒരു ദുഃശീലമാണ്... അത് ഉപേക്ഷിക്കണം... മോൻ പൊയ്ക്കൊള്ളൂ..."

''ഗുരോ, ഇത്രയും മാത്രം പറയാനായിരുന്നെങ്കിൽ ഇതിനെന്തിനാണ് അങ്ങ് ഒരാഴ്ച താമസിച്ചത്? കഴിഞ്ഞയാഴ്ച തന്നെ അങ്ങേയ്ക്ക് ഇവനെ ഉപദേശിക്കാമായിരുന്നില്ലേ?''. ''അത് ശരിയാവില്ലായിരുന്നു..." പരമഹംസർ പറഞ്ഞു. "കാരണം, കഴിഞ്ഞയാഴ്ചവരെ എനിക്കും ചക്കര തിന്നുന്ന ഒരു ദുഃശീലമുണ്ടായിരുന്നു. അതിനാൽ ഈ കുട്ടിയെ ഉപദേശിക്കാനുള്ള യോഗ്യത അന്നെനിക്കുണ്ടായിരുന്നില്ല. എന്നാൽ, കഴിഞ്ഞയാഴ്ച ആ ദുഃശീലം ഞാൻ ഉപേക്ഷിച്ച് അതിന്മേൽ ജയം നേടി... അതുകൊണ്ടാണ് എനിക്ക് ഈയാഴ്ച അവനെ ഉപദേശിക്കാൻ യോഗ്യതയുണ്ടായത്".

ലോകത്തിലുള്ള എല്ലാവരുടെയും തെറ്റുകൾ അവരോടു ചെന്നുപറഞ്ഞ് ബോധ്യപ്പെടുത്താൻ ദൈവം എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ എന്റെ സഹോദരന്റെ തെറ്റുകളെ അവനു ബോധ്യപ്പെടുത്തേണ്ട ചുമതല എനിക്കുണ്ട് (മത്തായി 18: 15-17). ''പുറത്തുള്ളവരെ വിധിപ്പാൻ എനിക്ക് എന്തുകാര്യം? നിങ്ങൾ അകത്തുള്ളവരെയല്ലയോ വിധിക്കുന്നത്. പുറത്തുള്ളവരെ ദൈവം വിധിക്കുന്നു..." (1 കൊരിന്ത്യർ: 5:12).

സഹോദരന്റെ തെറ്റുകളെ ഞാൻ അവന് ബോധ്യപ്പെടുത്തുമ്പോൾ ഞാൻ അവന്റെ കണ്ണിലെ കരട് എടുത്തുകളയുകയാണ്. എന്നാൽ അതിനുള്ള പ്രഥമയോഗ്യത എനിക്ക് "വെടിപ്പുള്ള ഒരു കാഴ്ച'' ഉണ്ടാവുകയാണ്. കണ്ണിലെ കരടെടുക്കാൻ ആരും അന്ധന്മാരെ ചുമതല യേൽപ്പിക്കുകയില്ലല്ലോ. സഹോദരന്റെ കണ്ണിലെ കരടെടുക്കണമെങ്കിൽ എന്റെ കണ്ണിൽ ഒരു പൊടിപോലും ഉണ്ടായിക്കൂടാ.

കണ്ണിലെ കരടെടുക്കുക എന്നത് വളരെ മൃദുലമായ പ്രവൃത്തിയാണ്. കമ്പുകൊണ്ടും കൈകൊണ്ടും നിങ്ങൾക്കു മറ്റൊരാളുടെ കണ്ണിലെ കരടെടുക്കാൻ പറ്റില്ല. മൃദുവായ ഒരു തൂവാലയുടെ തുമ്പുകൊണ്ട് കരുതലോടെ സ്പർശിച്ചാണ് കണ്ണിലെ കരടെടുക്കുക. ഈ ജോലി കർക്കശക്കാർക്ക് പറ്റിയതല്ല... സൗമ്യതയും സാവധാനതയും ഉള്ളവർക്കേ സഹോദരന്റെ കണ്ണിലെ കരടെടുക്കാൻ കഴിയൂ. കർക്കശക്കാരനെ അതേൽപ്പിച്ചാൽ ചിലപ്പോൾ അവൻ സഹോദരന്റെ കണ്ണ് പൊട്ടിച്ചു കളഞ്ഞെന്നിരിക്കും. യേശു സക്കായിയോടും ശമര്യാക്കാരി സ്ത്രീയോടും മറ്റും ഇടപെട്ടത് എത്ര

സാവധാനതയോടെയാണ് എന്നോർക്കുക. ശിഷ്യന്മാർപ്പോലും തെറ്റിപ്പോയപ്പോൾ- പത്രൊസിനോടും തോമസിനോടുമെല്ലാം- യേശു എത്ര സൗമ്യതയോടെ ഇടപെട്ടു. അവരുടെ കണ്ണിലെ കരട് എത്ര മൃദുസ്പർശനത്താൽ പുറത്തെടുത്തുകളഞ്ഞു. സഹോദരന്റെ കണ്ണിലെ കരടെടുക്കുമ്പോൾ ആ മൃദുസ്പർശനമാണ് നമുക്കാവശ്യം.

എന്നാൽ നമുക്ക് ഒരിക്കലും നന്നാക്കാൻ കഴിയാത്ത ചില കൂട്ടരുണ്ട് എന്നതും മറക്കണ്ട. കണ്ണിൽ കരടുള്ള ഒരാളെ ഓടിച്ചിട്ട് അയാളുടെ കണ്ണ് ശുദ്ധിയാക്കാനൊന്നും നമുക്കു കഴിയില്ല. കരടില്ലാതെ ശുദ്ധമായ കണ്ണിനുള്ള മോഹത്തോടെ നമ്മുടെ മുമ്പിൽ ഇരുന്നുതരുന്ന ഒരാളുടെ കണ്ണുകളെ മാത്രമേ എനിക്കു ശുദ്ധീകരിക്കാൻ കഴിയൂ...

ശരിക്കും കപടഭക്തിക്കാരെക്കുറിച്ചാണ് യേശു ഇവിടെ സംസാരിക്കുന്നത് (മത്തായി 7:5). അവർ എല്ലായ്പ്പോഴും മറ്റുള്ളവരെ കുറ്റംവിധിക്കുന്നവരും ഒരിക്കലും കുറ്റം സമ്മതിക്കാത്തവരുമാണ്. അവർക്ക് പാപബോധമില്ലാത്തതിനാൽ അവർ അനുതാപമില്ലാത്തവരും അശുദ്ധിയിൽ കിടന്ന് ഉരുളുന്നവരുമാണ്. ഇങ്ങനെയുള്ളവരെ പ്രതിനിധീകരിക്കാൻ രണ്ടു ജീവികളെയാണ് കർത്താവ് ഉപമയായി എടുത്തത് - നായ്, പന്നി.

"വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്'' (മത്തായി 7:6). നായുടെ പ്രത്യേകത, അവയ്ക്ക് വിശുദ്ധവും അശുദ്ധവും തമ്മിൽ വേർതിരിവൊന്നുമില്ല എന്നതാണ്. രാജാവിന്റെ മേശമേൽ വിളമ്പുന്ന ഭക്ഷണവും അമേധ്യവും അത് ഒരേ മനോഭാവത്തോടെ ഭക്ഷിക്കും...പരീശന്മാർ ഉപവസിക്കും, പ്രാർഥിക്കും; എന്നാൽ വിധവമാരെ കവർച്ച ചെയ്യും! (മത്തായി 23:14). ഒരേദിവസം തന്നെ വിശുദ്ധ കുർബാനയും വിസ്കിയും മോന്തുന്ന മാന്യന്മാരെ കണ്ടിട്ടില്ലെ? ആരാധനയിൽ മുമ്പന്മാർ തന്നെ, അഴിഞ്ഞാട്ടത്തിൽ പ്രാഗത്ഭ്യം തെളിയിക്കുമ്പോൾ അവരെ 'നായ്ക്കൾ' എന്നേ വിളിക്കാൻ കഴിയൂ. അനുതാപമില്ലാത്ത ഈ നായ്ക്കൾക്കു മുൻപിൽ വിശുദ്ധജീവിതത്തിന്റെ പാഠങ്ങൾ വിളമ്പിക്കൊടുത്താൽ എന്താണു പ്രയോജനം? ''വെരിഗുഡ് ബ്രദർ, ഈ നാളുകളിൽ ഇങ്ങനെയുള്ള പഠനങ്ങളാണാവശ്യം" എന്നവർ പറയുമായിരിക്കും. എന്നാൽ അപ്പോഴും അവരുടെ തലച്ചോറ് വഞ്ചന പദ്ധതിയിടുകയായിരിക്കണം.

അടുത്തത് പന്നികൾ! അവ നായ്ക്കളേക്കാൾ ഭേദമാണെന്നെനിക്കു ചിലപ്പോൾ തോന്നാറുണ്ട്. പന്നികൾ രണ്ടിടത്തും വരുന്നില്ല. അത് എപ്പോഴും ചെളിക്കുണ്ടിൽ തന്നെ. നായ്ക്കൾ ചെയ്യുന്നതുപോലെ അവ മുത്തുകളെ ഒരിക്കലും പ്രശംസിക്കുന്നില്ല. പന്നികൾക്ക് തിന്നണമെന്നേയുള്ളൂ... അവയ്ക്കു മുമ്പിൽ മുത്തുകൾ ഇട്ടുകൊടുത്താൽ തിന്നാനുള്ള സാധനം എന്നുവെച്ച് അവ ഓടിവന്നെന്നിരിക്കും. എന്നാൽ തിന്നാൻ കൊള്ളില്ലെന്നറിയുമ്പോൾ അവ അത് ചിവിട്ടിക്കളയുന്നു. നിങ്ങൾ അവയെ കളിപ്പിച്ചു എന്നാണ് അവയുടെ ചിന്ത. അതിനാൽ ഒരുപക്ഷെ അവ തിരിഞ്ഞ് നിങ്ങളെത്തന്നെ ചീന്തിക്കളഞ്ഞേക്കാം.

ലോകത്തിലെ ലാഭം മാത്രം നോക്കിനടക്കുന്നവർ സഭയിലും ഇന്ന് ഭൂരിപക്ഷമാകുന്നുവോ? ദൈവരാജ്യത്തിന്റെ മുത്തുകളെ ചവിട്ടിയെറിയുന്നവർ! ''പന്നിയെ പാട്ടുപഠിപ്പിക്കാൻ നോക്കണ്ട" എന്നു പറയാറുണ്ട്. - രണ്ടു കാരണങ്ങളാൽ! ഒന്ന്, നിങ്ങൾ വെറുതെ നിങ്ങളുടെ സമയം കളയുകയാണ്. എത്ര ശ്രമിച്ചാലും പന്നി പാട്ടുപഠിക്കില്ല. രണ്ടാമത്തെ കാരണം, നിങ്ങൾ പന്നിയുടെ സമയം മെനക്കെടുത്തുകയാണ്. അത് വല്ലതും തിന്നാനുള്ള നേരത്ത് നിങ്ങൾ അതിനെ എന്തിന് മെനക്കെടുത്തുന്നു?

എന്നാൽ അനുതാപമുള്ള ഒരു സഹോദരനെ തീർച്ചയായും നിങ്ങൾക്ക് സഹായിക്കാം. അവന്റെ കണ്ണിലെ കരട് എടുത്തുകളയാൻ നിങ്ങൾക്ക് കഴിയും... ഓർക്കേണ്ട കാര്യങ്ങൾ, വെറുതെ മറ്റുള്ളവരെ കുറ്റംവിധിക്കരുത്; എന്നാൽ എല്ലായ്പ്പോഴും നിങ്ങളെ ശോധനചെയ്യണം (do not judge others, but judge yourselves). നിങ്ങളുടെ കണ്ണിൽ കോൽ എന്നല്ല, ഒരു കരടോ പൊട്ടോ ഉണ്ടാകാൻ പാടില്ല. കാരണം, സഹോദരന്റെ കണ്ണിലെ കരടെടുക്കാൻ നിങ്ങൾക്ക് തെളിച്ചമുള്ള കാഴ്ച (മത്തായി7:5) ആവശ്യം. കർക്കശക്കാരന് കണ്ണിലെ കരടെടുക്കാനാവില്ല. കരുണയുള്ള ഒരു മൃദുസ്പർശമാണ് അതിനാവശ്യം!

മറ്റുള്ളവരെ വിധിക്കുവാൻ നാമാരും ആളല്ല... നമ്മെത്തന്നെ വിധിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. സഹോദരനെ സഹായിക്കാൻ നമുക്ക് ഓരോരുത്തർക്കും ദൈവം വെടിപ്പുള്ള കാഴ്ച നല്കട്ടെ.

■

# മുത്തപ്പന്റെ ചട്ടി

വയോജനങ്ങൾ ബന്ധുക്കളാലും ഓമനിച്ചു വളർത്തിയ മക്കളാലും ഭരണകൂടങ്ങളാലും അവഗണിക്കപ്പെടുന്നു എന്നത് അടുത്തകാലത്തായി വാർത്താമാധ്യമങ്ങളിൽ തുടരെ കാണുന്ന ഒരു വാർത്ത തന്നെയാണ്. ജീവിതത്തിന്റെ താളംതെറ്റാതെയും, സമൂഹത്തിന്റെ ആട്ടും തുപ്പും പരിഹാസവും ഏൽക്കാതെയും ജീവിതം ക്രമപ്പെടുത്തിയെടുക്കാൻ ആസൂത്രിത സംരക്ഷിത വലയത്തിനേ കഴിയൂ. ഇതൊക്കെ അറിഞ്ഞും അനുഭവിച്ചും വളർന്നവർ പ്രായമാകുമ്പോൾ മാതാപിതാക്കളെ അവഗണിക്കുന്നതിൽ എന്ത് ന്യായീകരണമാണ് കണ്ടെത്താൻ സാധിക്കുക.

സ്വാർത്ഥതക്ക് വേണ്ടി അഹിതവും പ്രാകൃതവുമായ ഇത്തരം ശൈലികളും രീതികളും പുൽകുമ്പോൾ നമ്മിൽ നിന്നും മനുഷ്യത്വം ഇല്ലാതാകുന്നു. മനുഷ്യൻ എന്ന സാമൂഹികജീവി ആരോടും വിധേയത്വവും കടപ്പാടും സഹാനുഭൂതിയും സ്നേഹവും ഇല്ലാതെ സ്വത്തിനു വേണ്ടി മാത്രം നില കൊള്ളുന്ന കാടത്തത്തിലേക്ക് അധ:പ്പതിക്കുകയാണ്. ഈ സമൂഹം ആകമാനം അങ്ങനെ ആണെന്ന സാമാന്യവല്ക്കരണമല്ല ഇവിടെ നടത്തുന്നത്. എന്നാൽ സമൂഹത്തിൽ ഈ പ്രവണത കൂടി വരുന്നു എന്നത് നമ്മെ അമ്പരപ്പിക്കുന്ന ഒരു യാഥാർത്ഥ്യം തന്നെയാണ്.

അതിനു നേരെ കണ്ണടച്ചിട്ടു കാര്യമില്ല. ഇതിനു ന്യായീകരണങ്ങൾ പലതു പറഞ്ഞേക്കാം. എന്നാൽ സ്വന്തം മനസ്സാക്ഷിയെപ്പോലും തൃപ്തിപ്പെടുത്താൻ കഴിയുന്ന ഒരുത്തരമാകില്ല ഈ ക്രൂരതയുടെ ഏതു ന്യായീകരണവും. ജീവിതത്തിന്റെ സായംസന്ധ്യയിൽ സ്നേഹത്തോടെ പരിപാലിക്കപ്പെടാനും, സ്വന്തമക്കൾ തങ്ങൾക്കു താങ്ങും തണലുമാവാനും ആരും കൊതിക്കും. എന്നാൽ ഇന്ന് നഗരജീവിതത്തിന്റെ തിരക്കുകളിൽ പെട്ട് പണത്തിനും ആർഭാട ജീവിതത്തിനും പിറകെ ഓടുന്ന പുതുതലമുറ ഇവരെ പരിപാലിക്കാൻ സമയം കണ്ടെത്താറുണ്ടോ? പലപ്പോഴും ഇല്ല എന്നതാണ് വാസ്തവം.

നാട്ടിൽ പെരുകി വരുന്ന വൃദ്ധസദനങ്ങൾ ഈ നിഗമനത്തിന് ആക്കം കൂട്ടുന്നു. മക്കളുടെയും ഉറ്റവരുടെയും അവഗണ വൃദ്ധമാതാപിതാക്കളെ മാനസികമായും ശാരീരികമായും തളർത്തും എന്ന കാര്യത്തിൽ സംശയം ഇല്ല. ഏറ്റവും പരിഗണിക്കപ്പെടേണ്ട അവസ്ഥയിലാണ് അവർ അവഗണിക്കപ്പെടുന്നത് എന്നത് അവരിലെ മാനസികാഘാതത്തിന്റെ തോത് വർധിപ്പിക്കുന്നു. വൃദ്ധസദനത്തിലയച്ചു പ്രായമായവരെ മാറ്റി നിർത്തുക വഴി ഒരുതരത്തിൽ നാം അവർക്ക് ജീവിതത്തിൽ നിന്നും പിന്മാറാനുള്ള സൂചന നൽകുകയാണ് ചെയ്യുന്നത്. അതവരിൽ കടുത്ത മാനസിക സംഘർഷം ഉളവാക്കുക തന്നെ ചെയ്യും.

വാർദ്ധക്യം എന്നത് ശൈശവത്തിലേക്കുള്ള തിരിച്ചുപോക്കാണ്. പ്രായം കൂടി വരുമ്പോൾ അവരുടെ സ്വഭാവം കുട്ടികളുടെത് പോലെ ആയിത്തീരുന്നു. ചില കാര്യങ്ങളിൽ അവർ വാശി പിടിക്കുന്നു. നമുക്കിഷ്ടമില്ലാത്ത പല കാര്യങ്ങളും ചെയ്യുകയും പറയുകയും ചെയ്യുന്നു. മാതാപിതാക്കളോട് വേദനിപ്പിക്കുന്ന ഒരു വാക്ക് പോലും പറയരുത്. അവർക്ക് കാരുണ്യത്തിന്റെ ചിറകുകൾ വിരിച്ചു കൊടുക്കുക. ദൈവവചനത്തിൽ നിന്നും അവരോടു നാം എങ്ങനെ പെരുമാറണം എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമുക്കും നാളെ ഇങ്ങനെയൊരു അവസ്ഥ വരും എന്നത് നാം മറക്കാതിരിക്കുക. നാളെ നാം അത്തരം ഒരു അവസ്ഥയിൽ എത്തുമ്പോൾ ഇന്നത്തെ നമ്മുടെ സ്ഥാനത്തേക്ക്, അതായത് ഇന്ന് മാതാപിതാക്കളോട് നാം കാട്ടുന്ന അവഗണന, നാമിന്നു സ്നേഹത്തോടെ, സന്തോഷത്തോടെ പോറ്റി വളർത്തുന്ന മക്കൾ കണ്ടു വളർന്നു വരുന്നു എന്നതും നാം ഓർമ്മിക്കുക. 'മുത്തപ്പന്റെ ചട്ടി' എന്ന പഴഞ്ചൊല്ല് തലമുറ കളായി നമ്മുടെ സമൂഹത്തിൽ പറഞ്ഞു കേൾക്കുന്ന ഒന്നാണ് എന്നതും നാം മറക്കാതിരിക്കുക. •

# അകന്ന് നിൽക്കാം

വിഗ്രഹാരാധന ഇല്ലാത്തവരും മാനുഷിക മധ്യസ്ഥത ആവശ്യം ഇല്ലാത്തവരുമാണ് വീണ്ടും ജനിച്ച വിശ്വാസിളെന്നു പൊതുവേ പറയാറുണ്ട്. വിഗ്രഹാരാധന വെറുക്കുന്ന നാം പലപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ പലവിധ വിഗ്രഹങ്ങളെയും ഉപാസിക്കുന്നു എന്നതല്ലേ സത്യം. പഴയനിയമത്തിൽ യഹോവയായ ദൈവം യിസ്രയേലിനോട് അരുളിച്ചെയ്തത് ഇങ്ങനെയായിരുന്നു: നീ ചെല്ലുന്ന ദേശത്തിലെ നിവാസികളോട് നീ ഒരു ഉടമ്പടി ചെയ്യാതിരിക്കാൻ കരുതിക്കൊള്ളുക. അവരുടെ ബലിപീഠങ്ങളെ ഇടിച്ച് വിഗ്രഹങ്ങളെ തകർത്ത് അശേര പ്രതിഷ്ഠകളെ വെട്ടിക്കളയേണം. അന്യദൈവത്തെ നീ ആരാധിക്കരുത് (പുറപ്പാട് 34:12,13).

പുതിയ ഉടമ്പടിയിലൂടെ വീണ്ടുംജനിച്ച വിശ്വാസികളോട് കർത്താവ് അരുളിച്ചെയ്യുന്നത് ഇപ്രകാരം: എന്നേക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. എന്നേക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. പ്രായോഗിക ജീവിതത്തിൽ വന്നു ഭവിക്കാവുന്ന ഇത്തരം വിഗ്രഹാരാധനയെ ഓർപ്പിച്ച ശേഷമാണ് ശിഷ്യൻ ആകുവാൻ ഇച്ഛിക്കുന്നവൻ തന്നെത്താൻ ത്യജിച്ച് ക്രൂശ് വഹിച്ച് തന്നെ അനുഗമിപ്പാൻ അവിടുന്ന് ഉപദേശിച്ചത്. സ്വാർത്ഥതയും സ്വസ്നേഹവും ജഡമോഹം, കണ്മോഹം, ജീവനപ്രതാപ ചിന്തകളും നമ്മുടെ ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുമ്പോൾ നാം വിഗ്രഹാരാധികൾ അല്ലെന്ന് എങ്ങനെ പറയുവാൻ കഴിയും? സ്വയമായി നാം ഇത്തരം idols നെ താലോലിച്ചുകൊണ്ട് വിഗ്രഹാരാധികളെ വിമർശിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന വെറും സാഡിസ്റ്റുകളോ നാം എന്ന സ്വയം ശോധന ചെയ്യുക.

അത്യാർത്ഥി എന്ന മഹാപാപത്തിനടിമപ്പെടുന്നവരെ വിഗ്രഹാരാധികൾ എന്നു വിശുദ്ധ പൗലോസ് കൊലോസ്യ വിശ്വാസികളെ ഓർപ്പിക്കുന്നത് നമുക്കുള്ള മുന്നറിയിപ്പാണ്. അശുദ്ധി, കാമം, ദുരാശ ഇവയുടെ കൂടെയാണ് വിഗ്രഹാരാധന തന്നെയായ അത്യാഗ്രഹത്തെ അപ്പോസ്തലൻ ഉൾപ്പെടുത്തിയിരിക്കുന്നത് (കൊലോസ്യർ 3 :5). ഏത് വിധേനയും സഭാ, സംഘടനാധ്യക്ഷന്മാരാകാനുള്ള തീരാത്ത ത്വരയും ലോകത്തെ അനുകരിക്കാനുള്ള തത്രപ്പാടുകളും പണം എത്ര സമ്പാദിച്ചാലും മതിവരാത്തതും എല്ലാം വിഗ്രഹാരാധനയുടെ ക്രൈസ്തവ വേർഷനുകൾ തന്നെ. വയോധികനും അപ്പോസ്തലനും ആയ യോഹന്നാൻ ഇപ്രകാരമാണ് ഓർമിപ്പിച്ചത്. കുഞ്ഞുമക്കളേ വിഗ്രഹങ്ങളിൽ നിന്ന് അകന്നു നിൽക്കുക.

–എംസി


**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.02.2024

NERVEEDHI - FEBRUARY 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ

ജയജീവിതത്തിനായി
നമ്മെ ഒരുക്കുവാൻ
ദൈവവചനത്തിലെ
പഠിപ്പിക്കലുകൾ
ദൈവാശ്രയത്തോടും
തികഞ്ഞ വൈദഗ്ദ്യത്തോടും
വസ്തുനിഷ്ഠമായി
രേഖപ്പെടുത്തിയിരിക്കുന്ന
ഒരു ഉത്തമ പഠനഗ്രന്ഥം.
"കഷ്ടതകളെ
ജിയിക്കുന്ന സന്തോഷം"





ഇപ്പോൾ
ലഭ്യമാണ്

അനുഗ്രഹീതവും
സന്തുഷ്ടി നിറഞ്ഞതുമായ
കുടുംബജീവിതത്തിന് ആവശ്യമായ
പ്രായോഗിക ഉപദേശങ്ങൾ.










Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക്:
Mob: 9495435336,8547916678

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*

*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.